# വേദാഭിമാനി

വേദപുസ്തകത്തിൽ അഭിമാനിക്കുന്നവൻ : സത്യത്തിന് സാക്ഷി

Vol.15 | No.9 | കാർത്തികപ്പള്ളി | R.No. 7361/02 | 2015 SEPTEMBER

e-paper : vedabhimani


## പോസ്റ്റിടുന്നതിനു പിന്നിൽ

ചായ കുടിക്കുന്നതിനിടയിലും വെറുതെ ഇരിക്കുമ്പോഴും നേരംപോക്കിനു ഫേസ്ബുക്കിൽ ഓരോന്നു കുത്തിക്കുറിക്കുന്ന സ്വഭാവമാണ് പുതുതലമുറയ്ക്കുള്ളത്. എന്നാൽ, ഇതിലൂടെ സ്വന്തം വ്യക്തിത്വം തുറന്നുകാട്ടുകയാണെന്നു പലർക്കുമറിയില്ല. ഫേസ്ബുക്കിൽ രാഷ്ട്രീയമെഴുതുന്നവർ മുതലെടുപ്പുകാരും, പ്രണയം കുറിക്കുന്നവർ സൂത്രശാലികളും ഒറ്റപ്പെട്ടവരുമാണെന്നാണ് പുതിയ പഠനങ്ങൾ വ്യക്തമാക്കുന്നത്. എന്നാൽ, സ്വന്തം നേട്ടങ്ങളെക്കുറിച്ച്




എഴുതുന്നവർ പൊങ്ങച്ചക്കാരും അല്പന്മാരും ആണെന്നാണ് വെളിപ്പെടുത്തൽ.

ബ്രൂനൽ യൂണിവേഴ്സിറ്റിയിലെ ഗവേഷകരാണ് ഈ പുതിയ കണ്ടെത്തൽ നടത്തിയിരിക്കുന്നത്. പഠനത്തിനായി സർവേകൾ ഫേസ്ബുക്ക് ഉപയോക്താക്കൾക്കിടയിൽ നടത്തുകയും അതു വിശകലനം ചെയ്യുകയുമുണ്ടായി. വ്യക്തികളിലെ സ്വഭാവങ്ങളെ ആധാരമാക്കിയാണ് പഠനം നടന്നത്. തുറന്ന പ്രകൃതം, ന്യൂറോട്ടിസം, സത്യസന്ധത, ബഹിർമുഖത്വം എന്നിവയാണവ. കൂടാതെ ആത്മാരാധന, അഹങ്കാരം എന്നിവയും പരിഗണിച്ചിരുന്നു. ഇത്തരം സ്വഭാവങ്ങളെ അടിസ്ഥാനമാക്കിയാണ് ആളുകൾ ഫേസ്ബുക്കിൽ പോസ്റ്റിടുന്നതെന്നാണു കണ്ടെത്തൽ. ബഹിർമുഖത്വമുള്ളവർ ലൈക്കുകൾ കിട്ടുന്നതിലുപരി സാമൂഹ്യപ്രവർത്തനങ്ങൾക്കുള്ള മാധ്യമമായാണ് ഫേസ്ബുക്കിനെ കാണുന്നത്. ആത്മപ്രശംസ ഇഷ്ടപ്പെടുന്നവർ തന്റെ നേട്ടങ്ങൾ, പ്രശംസനീയമായ കാര്യങ്ങൾ, തങ്ങളുടെതായ ഫോട്ടോകൾ തുടങ്ങിയ കാര്യങ്ങൾ പതിവായി പോസ്റ്റ് ചെയ്യും. ഇതിലൂടെ ലൈക്കുകളും കമന്റുകളും പരമാവധി ലഭിക്കാനാണ് ഇക്കൂട്ടർ ശ്രമിക്കുന്നത്.

എന്നാൽ, തുറന്ന മനസുള്ളവരും ജിജ്ഞാസാലുക്കളും ക്രിയാത്മകതയുള്ളവരും സേവനപരവും വിജ്ഞാനപരവും ബൗദ്ധികവുമായ വിഷയങ്ങളാണ് പോസ്റ്റായി ഇടുക. സാമൂഹിക ഇടപെടലുകളെക്കാളുപരി വിവരങ്ങൾ കൈമാറാനാണ് ഇത്തരക്കാർക്ക് താല്പര്യം. വ്യക്തിപരമല്ലാത്ത കാര്യങ്ങളായിരിക്കും ഇവരുടെ പോസ്റ്റുകളിൽ ഉണ്ടായിരിക്കുക.

അതേസമയം, സത്യസന്ധരായവരുടെയും ഒറ്റപ്പെട്ടവരുടെയും പോസ്റ്റുകളിൽ തങ്ങളുടെ പ്രണയവും തുറന്നുപറച്ചിലും കുട്ടിക്കളിയുമൊക്കെയായിരിക്കും നിറഞ്ഞുനിൽക്കുക. സ്വയം മതിപ്പില്ലാത്തവർ വിമർശനവും കുറ്റപ്പെടുത്തലും പോസ്റ്റ് ചെയ്യാറുണ്ട്.

കാര്യങ്ങൾ ഇങ്ങനെയാണെങ്കിൽ പോസ്റ്റുകൾ അപ്‌ലോഡ് ചെയ്യുമ്പോൾ അല്പമൊന്നു ശ്രദ്ധിക്കുന്നത് നന്നായിരിക്കും.... അല്ലേ...?

## നട്ടാൽ മുളയ്ക്കും പുസ്തകം

കേട്ടാൽ തോന്നും ഇത് നട്ടാൽ കുരുക്കാത്ത നുണയാണെന്ന്. എന്നാൽ സംഗതി സത്യമാണ്. ഈ പുസ്തകം നട്ടാൽ മുളയ്ക്കും. അർജന്റീനയിലെ പെകിനോ എഡിറ്റർ (Pequeno Editor) എന്ന പുസ്തക പ്രസാധകർ കുട്ടികൾക്കുവേണ്ടി ഇറ



ക്കിയ പുസ്തകം വായിക്കാനുള്ളതുതന്നെ, സംശയമില്ല.

അതോടൊപ്പം അത് നാളേക്കുള്ള 'നിധി'യുമാണ്. പുസ്തകത്തിന്റെ പേജുകൾക്കകത്ത് ജക്റൻഡ എന്ന അലങ്കാര വൃക്ഷത്തിന്റെ വിത്തുകൾ പുറമേക്ക് കാണാത്തവിധം ഒട്ടിച്ചുവച്ചിരിക്കുന്നു.

വായന കഴിഞ്ഞാൽ പുസ്തകം നടണം. അതിൽ നിന്ന് പുതിയ മരങ്ങൾ മുളച്ചുപൊന്തണം. കടലാസ്സുണ്ടാക്കാനടക്കം എത്രയെത്ര മരങ്ങളാണ് നാം വെട്ടി നശിപ്പിക്കുന്നത്. അതുകൊണ്ട് പുതിയ മരങ്ങൾ നടാൻ നമുക്ക് ബാധ്യതയില്ലേ? തീർച്ചയായും ഉണ്ട്. അതാണ് ഈ പുസ്തകം നമ്മെ ഓർമ്മിപ്പിക്കുന്നത്.



പെകിനോ വലിയൊരാശയവുമായി ഇറക്കിയ പുസ്തകം 'ഇക്കോ ഫ്രണ്ട്‌ലി' ആയി നിർമിച്ച പേപ്പറും മഷിയുമൊക്കെ ഉപയോഗിച്ച് കൈകൊണ്ട് തുന്നിയാണ് ഉണ്ടാക്കിയിരിക്കുന്നത്.

## വായിക്കാൻ ഒരു ജീവചരിത്രം

ഇത്തവണത്തെ ബുവേനോസ് ആരിസ് അന്താരാഷ്ട്ര പുസ്തകമേളയിൽ താരം ഹൊസെ മുഹീക്ക ആയിരുന്നു. ഉറുഗ്വേയുടെ മുൻ പ്രസിഡന്റും ഇപ്പോൾ സെനറ്റ് അംഗവുമാണ് മുഹീക്ക. കൊച്ചുവീട്ടിലെ താമസം. ലളിതജീവിതം. മാധ്യമങ്ങളിൽ നിറഞ്ഞുനിന്ന ഉറുഗ്വേയുടെ സാധാരണക്കാരനായ പ്രസിഡന്റായിരുന്നു മുഹീക്ക. 2010 മുതൽ 2015 മാർച്ച് 1 വരെ അദ്ദേഹം ഉറുഗ്വേയുടെ ഭരണത്ത





ലവനായിരുന്നു.

പ്രസിഡന്റ് പദവിയിൽ എത്തിയിട്ടും ആഡംബരങ്ങളിൽ ഭ്രമിക്കാതെ കുടിലുപോലെയുള്ള ഒറ്റമുറി വീട്ടിൽ ഭാര്യക്കൊപ്പം താമസം. പ്രസിഡന്റിന്റെ കൊട്ടാരവും പരിവാരങ്ങളെയും വേണ്ടെന്നുവച്ചു. സുരക്ഷയ്ക്കു രണ്ടു പോലീസുകാരും മാനേല എന്ന മൂന്നു കാലുകളുള്ള നായയും. സഞ്ചാരത്തിനു പഴയ ഫോക്സ്‌വാഗൺ ബീറ്റിൽ കാർ. വാർഷിക ശമ്പളമായ 12000 ഡോളറിന്റെ 90 ശതമാനവും സേവനപ്രവർത്തനങ്ങൾക്കു നല്കി ലോകനേതാക്കൾക്കു മാതൃകയായ ജീവിതം.

ഈ മാസത്തെ ആദ്യത്തെ ഞായറാഴ്ച മുഹീക്ക ബുവേനോസ് ആരീസിലെത്തിയതു തന്റെ ജീവചരിത്രം പ്രകാശനം ചെയ്യുന്നതിനാണ്. 1200ൽപ്പരം പേരുള്ള സദസ് എഴുന്നേറ്റു നിന്ന് ആരവങ്ങളോടെ മുഹിക്കയെ വരവേറ്റു. എ ബ്ലാക്ക് ഷീപ്പ് റ്റു പവർ എന്ന പേരിലുള്ള ജീവചരിത്രം എഴുതിയതു രണ്ടു പത്രപ്രവർത്തകർ. ആൻഡ്രെസ് ഡാൻസയും ഏണസ്റ്റോ ടൾബോവിസും.

ഈ മാസം 20ന് ഹൊസെ മുഹീക്കയ്ക്ക് 80 തികയും. എന്തായാലും ഇനി പുസ്തകം വായിച്ചു ലോകത്തിനു പഠിക്കാം എങ്ങനെ ലളിതമായി ജീവിക്കാമെന്ന്.

## പരേതനെ സന്തോഷിപ്പിക്കാൻ

കണ്ടാൽ ഭീമനൊരു പക്ഷിയുടെ രൂപം. പക്ഷേ, സത്യത്തിൽ ഇത് പക്ഷിയല്ല, ഒരു ശവപ്പെട്ടിയാണ്! ആഫ്രിക്കൻ വൻകരയുടെ പടിഞ്ഞാറുള്ള ഘാനയിൽ നിന്നാണ് ഈ കാഴ്ച.



അവിടുത്തെ ഗോത്രവർഗക്കാർക്കിടയിൽ ശവപ്പെട്ടികളും മനോഹരമായ കലാസൃഷ്ടികളാണ്! ഒരാൾ മരിച്ചാൽ അയാൾക്കുള്ള ശവപ്പെട്ടി ഉണ്ടാക്കുന്നത് അയാളുടെ ജോലിയുമായി ബന്ധപ്പെട്ട ഏതെങ്കിലും വസ്തുക്കളുടെ രൂപത്തിലായിരിക്കും.

ഉദാഹരണത്തിന്, ഒരു മീൻവില്പനക്കാരൻ മരിച്ചാൽ അയാളുടെ ശവപ്പെട്ടി മീനിന്റെ രൂപത്തിലാവാം. മരിച്ചയാളിന് വളരെ ഇഷ്ടമുള്ള വസ്തുവിന്റെയോ ജീവിയുടെയോ രൂപത്തിലും ശവപ്പെട്ടി പണിയാം. പരലോകവാസത്തിന് പോകുന്ന പരേതനെ സന്തോഷിപ്പിക്കാനാണ് ഇങ്ങനെ ചെയ്യുന്നത്.

### വേദസന്ദേശം

*ദൈവഹിതം എന്തെന്നറിഞ്ഞ് അതിനു വിധേയപ്പെടുന്ന സഹനമാണ് വിശുദ്ധിയുടെ മാനദണ്ഡമായി തീരുന്നത്. സഹനം കൊണ്ട് മാത്രം ആരും വിശുദ്ധരാകുന്നില്ല. ദൈവഹിതത്തിന് അനുസൃതമായ സഹനമാകുമ്പോഴാണ് അത് വിശുദ്ധിയിലേക്കുള്ള മാർഗ്ഗമായി തീരുന്നത്. സഹനത്തിന് അടിസ്ഥാനം ദൈവസ്നേഹമായിരിക്കണം. ദൈവമേ, അങ്ങയുടെ ഇഷ്ടം നിറവേറട്ടെ എന്ന പ്രാർത്ഥനയോടെ വചനപ്രകാരം ജീവിച്ച് ദൈവഹിതത്തിന് പൂർണ്ണമായി വിട്ടുകൊടുക്കാൻ സാധിക്കുന്നവർക്കാണ് സഹന ജീവിതത്തിലൂടെ വിശുദ്ധരാകാൻ സാധിക്കുക.*

## സെൽഫിക്ക് ചെലവാക്കുന്നത്



യുവതികൾ സെൽഫിയെടുക്കാൻ ആഴ്ചയിൽ ചെലവിടുന്നത് അഞ്ചുമണിക്കൂർ. ഇന്ത്യയിലല്ല ഇംഗ്ലണ്ടിലെ സർവേയാണിതു പറയുന്നത്. നമ്മുടെ നാട്ടിലെ യുവതികൾക്കും യുവാക്കൾക്കും 24 മണിക്കൂറും ഇതുതന്നെയാണല്ലോ പണി. 16-25 വയസിനും ഇടയിലുള്ള 2000 യുവതികളിൽ നടത്തിയ സർവേയിലാണു രസകരമായ സെൽഫി ഫലങ്ങൾ പുറത്തു വന്നിട്ടുള്ളത്.

ഫോട്ടോ എടുക്കുന്നതിനു മുമ്പുള്ള മെയ്ക്ക്അപ്പ്, കൃത്യമായ പ്രകാശവും ആംഗിളും എല്ലാം ഒത്തിണങ്ങി ഒരു ഫോട്ടോ എടുക്കണമെങ്കിൽ ഒരു ദിവസം ശരാശരി 48 മിനിട്ട് എടുക്കുമത്രേ. ഒരു ദിവസം 16 മിനിട്ട് എന്ന നിലയിൽ മൂന്നു സെൽഫികൾ. ആഴ്ചയിലാകുമ്പോൾ 5 മണിക്കൂറും 36 മിനിട്ടും.

ഫെയ്സ്ബുക്കിലും ടിറ്റ്റിലും സെൽഫികൾക്കു കിട്ടുന്ന ലൈക്കുകൾ അനുസരിച്ചായിരിക്കുമത്രേ ഈ ചെറുപ്പക്കാരുടെ ആത്മവിശ്വാസമെന്നും പഠനം നടത്തിയ ഫീൽയൂണിക് ഡോട്ട്കോം വെബ്സൈറ്റിന്റെ ന്യൂബി ഹാൻഡ്സ് പറയുന്നു.


വേദാഭിമാനി
വായിക്കുക - പ്രതികരിക്കുക

ടൈറ്റസ് കാർത്തികപ്പള്ളി
കേരള-690516
✆ 9847232598
✆ 9847990939
vedabhimani@gmail.com



| ചെയർമാൻ | ഡിറക്ടർ | മാനേജർ | ചീഫ് എഡിറ്റർ | വാർഷിക വരിസംഖ്യ | വരിസംഖ്യ അയക്കേണ്ട വിലാസം |
|---|---|---|---|---|---|
| ടി.എം. വർഗ്ഗീസ് | ഏബ്രഹാം മത്തായി | തോമസ് വർക്കി | ടൈറ്റസ് കാർത്തികപ്പള്ളി | ഇന്ത്യ - Rs.50 \| മറ്റ് രാജ്യങ്ങൾ - Rs.2000 | വേദാഭിമാനി, കേരള 690516 |



# ആരാധനയും അർത്ഥവത്തായ ജീവിതവും

**ഒരു** കാറ് ഓടിക്കുവാൻ അറിയുക എന്നതിൽ വിവിധ അറിവുകളും കഴിവുകളും ഉൾപ്പെടുന്നുണ്ട്. ആവശ്യാനുസരണം ആക്സിലേറ്ററിൽ ചവുട്ടി വേഗത വർദ്ധിപ്പിക്കാനും ആവശ്യാനുസരണം ബ്രേക്കിൽ ചവുട്ടി വേഗത കുറയ്ക്കാനും കാറ് നിർത്താനും അറിയണം. ആവശ്യാനുസരണം ഇട ത്തോട്ടും വലത്തോട്ടും തിരിക്കാൻ അറിയണം. ഗിയർ ആവശ്യാനുസരണം മാറ്റാൻ അറിയണം. മറ്റ് ആളുകൾക്ക് സിഗ്നലുകൾ കൊടുക്കാൻ അറിയണം. ലൈറ്റ് പലതരത്തിൽ ഇടാൻ അറിയണം. വൈപ്പർ ഇടാൻ അറിയണം. ഇതെല്ലാം കൂടാതെ, റോഡിലിറക്കി ഓടിക്കുന്നതിന് അതാത് സ്ഥലങ്ങളിലെ റോഡ് നിയമങ്ങൾ അറിഞ്ഞിരിക്കണം. സുരക്ഷിതമായി ഓടിക്കുന്നതിന് ആവശ്യമായ തീരുമാനങ്ങൾ എടുക്കാൻ കഴിയണം.

ഒരു കാറോടിക്കുന്നതിനേക്കാൾ വളരെ സങ്കീർണമായ ഒന്നാണ് നമ്മുടെ ജീവിതയാത്ര. ഒട്ടേറെ അറിവുകളും കഴിവുകളും ഉണ്ടെങ്കിലേ നേരായ പാതയിലൂടെ അപകടങ്ങൾ കഴിവതും കുറച്ചു നമുക്ക് ജീവിതയാത്ര ചെയ്യാൻ കഴിയൂ. ഒരു കാറിനുള്ളതു പോലെയുള്ള ഒരു യന്ത്രം നമ്മുടെ ഉള്ളിലുണ്ട്-നമ്മുടെ മനസ്സ്. അത് വേണ്ടപോലെ പ്രവർത്തിപ്പിക്കാനുള്ള അറിവും കഴിവുമാണ് നമുക്ക് ആദ്യം വേണ്ടത്.

ആവശ്യമുള്ളപ്പോൾ ആവശ്യമുള്ള കാര്യങ്ങൾ ചിന്തിക്കാനും കുറേനേരം ഒന്നും ചിന്തിക്കാതെയിരിക്കുവാനും നമുക്ക് കഴിയണം. കണ്ട ചിന്തകൾക്കെല്ലാം കയറിയിറങ്ങി നിരങ്ങാനുള്ളതല്ല നമ്മുടെ മനസ്സ്. മനസ്സിൽ വരുന്ന ചിന്തകളെല്ലാം അപ്പോൾതന്നെ വായിലൂടെ പുറത്തുവന്നുകൂടാ. പ്രകടിപ്പിക്കേണ്ട ചിന്തകൾ മാത്രം വേണ്ടവരോടു വേണ്ടപ്പോൾ വേണ്ടപോലെ പ്രകടിപ്പിക്കാൻ നമുക്ക് കഴിയണം.

ആവശ്യമുള്ളതുപോലെ ആവശ്യമുള്ളപ്പോൾ മാത്രം പ്രകടിപ്പിക്കേണ്ടതാണ് നമ്മുടെ വികാരങ്ങൾ. വേണ്ടപ്പോൾ വികാരങ്ങളിൽ നിന്നു വിമുക്തമാകാനും മനസ്സിന് കഴിയണം. അസ്ഥാനത്തുള്ള വികാരപ്രകടനംപോലെ അപകടകാരിയാണ് വേണ്ടപ്പോൾ വേണ്ട തരത്തിലുള്ള വികാരം വേണ്ട അളവിൽ പ്രകടിപ്പിക്കാൻ കഴിയാതെ പോകുന്നതും. ഉദാഹരണത്തിന്, കോപിക്കേണ്ടപ്പോൾ കോപിക്കാനും അല്ലാത്തപ്പോൾ കോപം അടക്കാനും നമുക്ക് കഴിയണം.

ഇത് പറയുമ്പോൾ എന്റെ മനസ്സിൽ വരുന്നത് മാർത്തയുടെ കാര്യമാണ്. മാർത്തയ്ക്ക് സ്വന്തം സഹോദരി മറിയയോടു കോപം വന്നു. എന്നാൽ അവൾക്ക് തന്റെ മനസിനെ നിയന്ത്രണത്തിലാക്കി ആ കോപത്തെ സഹോദരിയുടെ നേരെ വേണ്ടതുപോലെ പ്രകടിപ്പിക്കുവാൻ കഴിഞ്ഞില്ല. മനസ്സിൽ ഉയർന്നുപൊങ്ങിയ വികാരം അവളെ നിയന്ത്രിച്ചു. അവൾ തന്റെ കോപം പ്രകടിപ്പിച്ചത് ഇക്കാര്യത്തിൽ നിരപരാധിയായിരുന്ന ഒരു അതിഥിയുടെ നേർക്കാണ്. മാർത്തയുടെ മനസ്സ് അവളുടെ നിയന്ത്രണത്തിലല്ല എന്ന് അവളെ പറഞ്ഞു മനസ്സിലാക്കാൻ യേശുതമ്പുരാൻ ശ്രമിച്ചു. അവളുടേത് കലങ്ങിമറിഞ്ഞ് കിടക്കുന്ന മനസ്സാണെന്നും അവൾ പലതിനെച്ചൊല്ലി വിചാരപ്പെടുന്നുണ്ടെന്നും യേശുതമ്പുരാൻ പറഞ്ഞു.

ആവശ്യമുള്ളപ്പോൾ വേണ്ടരീതിയിലുള്ള തീരുമാനങ്ങൾ എടുക്കാനും എടുത്ത തീരുമാനത്തിൽ ഉറച്ചുനിൽക്കാനും നമുക്ക് കഴിയണം. എടുത്ത തീരുമാനത്തിന്റെ ഫലം എന്തുതന്നെ ആയിരുന്നാലും അത് സഹിക്കാനും നേരിടാനുമുള്ള മനക്കരുത്തും ധൈര്യവും ഉണ്ടാവണം.

നമ്മുടെ ധാരണകളുടെ അടിസ്ഥാനത്തിലാണ് നമ്മുടെ ചിന്തകളും വാക്കുകളും പ്രവൃത്തികളും എന്ന് നാം അറിഞ്ഞിരിക്കണം. നമ്മുടെ ധാരണകൾ തെറ്റോ ശരിയോ ആകാം എന്നും അറിയണം. പുതിയ അറിവുകളുടെ അടിസ്ഥാനത്തിലും മറ്റുള്ളവരുടെ ധാരണകളുമായി താരതമ്യപ്പെടുത്തിയും നമ്മുടെ ധാരണകളെ നിരന്തരം പരിശോധിച്ചുകൊണ്ടിരിക്കണം. തെറ്റെന്നു അറിയുന്നവയെ പൊളിച്ചുനീക്കുകയും വേണം.

ഇങ്ങനെ നമ്മുടെ മനസ്സ് എന്ന യന്ത്രം പൂർണ്ണമായും നമ്മുടെ നിയന്ത്രണത്തിലാകണം. അതിന്റെ ഉപയോഗത്തിൽ നാൾക്കുനാൾ നാം കൂടുതൽ വൈദഗ്ദ്ധ്യം നേടണം. അഴുക്കും തുരുമ്പും പിടിക്കാതെ അതിനെ വൃത്തിയായി സൂക്ഷിക്കണം. നാൾക്കുനാൾ അത് കൂടുതൽ ബലപ്പെട്ടുകൊണ്ടിരിക്കണം. നിർഭാഗ്യവശാൽ മനസ്സിന് നമ്മുടെ പൂർവികർ നൽകിയിരുന്ന പ്രാധാന്യം ഇന്ന് നാം നൽകുന്നില്ല. മനസ്സിന്റെ സമഗ്രമായ വികാസത്തിനു നമ്മുടെ പൂർവികർ ഉപയോഗിച്ചിരുന്ന ഒരു മാർഗ്ഗമാണ് ആരാധന.

മനസ്സിനെ ബോധപൂർവ്വം ഏകാഗ്രമാക്കി നിർത്തുവാനുള്ള ശ്രമം ആരാധനയുടെ ഭാഗമാണ്. മനസ്സിനെ നിർവീര്യവും ബലഹീനവും ആക്കുന്ന വൈറസുകൾ പോലെയുള്ള വികാരവിചാരങ്ങളിൽ നിന്നു മനസ്സിനെ മുക്തമാക്കുന്നതും ആരാധനയുടെ ഭാഗമാണ്.

ഇച്ഛാശക്തിയെ ബലപ്പെടുത്തുന്ന വ്യായാമമാണ് ആഹാരം വെടിഞ്ഞുള്ള ഉപവാസം. ദീർഘനേരം മൗനമായിരിക്കുന്നതും ഇച്ഛാശക്തിയെ ബലപ്പെടുത്തുന്നു.

പാപിയെ വിശുദ്ധനാക്കി മാറ്റുന്ന വ്യായാമമാണ് ആരാധന എന്നറിയുമ്പോൾ നമുക്ക് അതിൽ ഹൃദയപൂർവ്വം സംബന്ധിക്കുവാൻ കഴിയുന്നു. വിശുദ്ധർ എന്ന് നാം ആദരിക്കുന്ന എല്ലാവരും അപ്രകാരം പതിവായ ആരാധനാവ്യായാമത്തിലൂടെ വിശുദ്ധരായവരാണ്. ഇരുണ്ട ഭൂതകാലമില്ലാത്ത വിശുദ്ധനോ ശോഭനമായ ഭാവിയില്ലാത്ത പിപിയോ ഇല്ല. ഏത് പാപിയെയും വിശുദ്ധനാക്കി മാറ്റുവാൻ ആരാധനയ്ക്ക് കഴിയുന്നു.

"പ്രാർത്ഥിക്കുക എന്ന ആശയത്തിന് വൻ പിന്തുണയുണ്ട്. എന്നാൽ പ്രാർത്ഥിക്കുക എന്ന പ്രവൃത്തിക്ക് അധികം ആളുകളില്ല. ആത്മാവ് ദൈവസന്നിധിയിൽ സ്വസ്ഥത നേടുന്ന പ്രാർത്ഥനയാണ് ഹൃദയത്തിന്റെ പ്രാർത്ഥന."

നമ്മുടെ ഹൃദയം ദൈവഹൃദയത്തോട് ചേർന്നിരിക്കുന്നതാണ് പ്രാർത്ഥന. ഹൃദയൈക്യത്തിലാണ് പ്രാർത്ഥനയുടെ ശക്തിയും ഗുണവും മേന്മയും. നമ്മുടെ ചുണ്ടിൽ നിന്നുയരുന്ന ശബ്ദങ്ങളും വാക്കുകളും ഹൃദയത്തിന്റെ പ്രകടനങ്ങളാകുമ്പോഴാണ് അവയ്ക്കു അർത്ഥമുണ്ടാകുന്നത്. ഹൃദയത്തിൽ നിന്നുത്ഭവിക്കാതെ ചുണ്ടിൽ നിന്നു മാത്രം വരുന്ന ശബ്ദങ്ങൾ പ്രാർത്ഥനയല്ല. അവ ഒരിക്കലും ദൈവസന്നിധിയിൽ എത്തുകയുമില്ല.

ഹൃദയത്തിൽ നിന്നല്ലാത്ത പ്രാർത്ഥനയ്ക്ക് ജീവനില്ല. ഹൃദയത്തിൽ നിന്നുയരുന്ന പ്രാർത്ഥന മാത്രമേ ദൈവസന്നിധിയിൽ എത്തുകയുള്ളൂ. 'ബലഹീനങ്ങളായ ചിറകുകളുള്ള പ്രാർത്ഥന ദൈവസന്നിധിയിലേക്ക് ഉയരുകയില്ല' എന്നു പറഞ്ഞിരിക്കുന്നത് ഈ അർത്ഥത്തിലാണ് മനസ്സിലാക്കേണ്ടത്.

ഹൃദയപൂർവ്വം സ്നേഹിക്കുന്ന ഒരാളുടെ സാമീപ്യം നാം വളരെ ഇഷ്ടപ്പെടുന്നതുപോലെ, ദൈവത്തോടുള്ള ഹൃദയപൂർവ്വമായ സ്നേഹം കാരണമാണ് ദൈവസാമീപ്യം നമുക്ക് ആനന്ദമേകുന്നത്. അങ്ങയുടെ ആലയത്തിൽ ഒരു ദിവസം പാർക്കുന്നത് വേറെ ആയിരം ദിവസത്തേക്കാൾ നല്ലതാകുന്നു എന്നു ദൈവഭക്തൻ പാടുന്നത് ഈ അർത്ഥത്തിലാണ് നാം മനസ്സിലാക്കുന്നത് (സങ്കീ.84:10). തന്റെ പിതാവിനോടു സ്നേഹവും ബഹുമാനവും ഉണ്ടായപ്പോൾ പിതാവിന്റെ സാമീപ്യത്തിൽ ഒരു ദാസനായിട്ടെങ്കിലും കഴിയുവാൻ മുടിയൻ പുത്രൻ താൽപര്യപ്പെടുന്നു. ദൈവത്തോടുകൂടെ നടന്ന ഒരാളെപ്പറ്റിയും ദൈവത്തിന്റെ സ്നേഹിതൻ എന്നു വിളിക്കപ്പെട്ട ഒരാളെപ്പറ്റിയും വേദപുസ്തകത്തിന്റെ താളുകളിൽ നാം വായിക്കുന്നു. ദൈവത്തിന്റെ കൂടാരത്തിൽ പാർക്കുന്നതിനെക്കുറിച്ചും ദൈവാലയത്തിന്റെ വാതിൽ കാവൽക്കാരനെങ്കിലും ആകാൻ കഴിയുന്ന മഹാഭാഗ്യത്തെക്കുറിച്ചും ഭക്തകവികൾ സ്വപ്നം കണ്ടു.

ദൈവഹൃദയത്തോട് ചേർന്ന് ജീവിക്കുന്നതാണ് ആരാധനാ ജീവിതം. ശബ്ദങ്ങൾക്കോ വാക്കുകൾക്കോ അവിടെ വലിയ പ്രസക്തിയില്ല. ശബ്ദങ്ങൾക്കും വാക്കുകൾക്കും പ്രസക്തിയുണ്ടാകുന്നത് അവ ദൈവഹൃദയത്തോട് ചേർന്നുള്ള ജീവിതത്തിനു പ്രേരകമാകുമ്പോഴാണ്, അതിന്റെ പ്രകടനമാകുമ്പോഴാണ്. 'അപ്പാ ഞാൻ അങ്ങയോട് പാപം ചെയ്തു' എന്ന മുടിയൻ പുത്രന്റെ വാക്കുകൾ അവന്റെ പശ്ചാത്താപഭാരത്താൽ നീറിയ ഹൃദയത്തിന്റെ പ്രകടനമായിരുന്നു. സ്വർഗ്ഗത്തേക്ക് നോക്കുവാൻ പോലും കഴിയാതെ മാറത്തടിച്ചു നിലവിളിച്ച ചുങ്കക്കാരന്റെ പ്രാർത്ഥനയും അവന്റെ ഹൃദയത്തിന്റെ പ്രകടനമായിരുന്നു.

ഹൃദയത്തിൽ നിന്നുയരാതെ ചുണ്ടിൽ നിന്നു മാത്രം പുറപ്പെടുന്ന ശബ്ദങ്ങൾ പ്രാർത്ഥനയല്ല, ആരാധനയല്ല. അത് ദൈവത്തെ വഞ്ചിക്കലാണ്. മറ്റുള്ളവരെ വഞ്ചിക്കലാണ്. സ്വയം വഞ്ചിക്കലുമാണ്. സത്യസന്ധമായ ആരാധന ഹൃദയത്തിൽ നിന്ന് ഉയരുന്നതാണ്. സത്യസന്ധമായ ആരാധന സത്യസന്ധമായ ജീവിതത്തിനു അടിസ്ഥാനമാകും. 'യഹോവേ നിന്റെ കൂടാരത്തിൽ ആർ പാർക്കും' എന്ന ചോദ്യത്തിന് സങ്കീർത്തനക്കാരൻ സംശയലേശമെന്യേ ഇങ്ങനെ മറുപടി നൽകുന്നു: 'ഹൃദയപൂർവ്വം സത്യം സംസാരിക്കുന്നവൻ' (സങ്കീ.15).

'ഇടവിടാതെ പ്രാർത്ഥിപ്പിൻ' എന്നു പൗലോസ് അപ്പോസ്തോലൻ ഉപദേശിക്കുമ്പോൾ അദ്ദേഹം ഉദ്ദേശിക്കുന്നത് എപ്പോഴും നമ്മുടെ ചുണ്ടുകൾ ചലിച്ചുകൊണ്ടിരിക്കണമെന്നല്ല. എപ്പോഴും വായിൽ നിന്നു വാക്കുകൾ വന്നുകൊണ്ടിരിക്കണമെന്നുമല്ല. എപ്പോഴും നമ്മുടെ ഹൃദയം ദൈവഹൃദയത്തോട് ചേർന്നിരിക്കണം എന്നാവണം അദ്ദേഹം ഉദ്ദേശിച്ചത്. ചേർന്നിരിക്കുന്ന ഹൃദയങ്ങൾ തമ്മിൽ എപ്പോഴും ആശയവിനിമയം നടക്കുന്നുണ്ട്. ശബ്ദങ്ങൾ കൊണ്ടുള്ള ആശയവിനിമയം അതിന്റെ ഒരു ചെറിയ ഭാഗം മാത്രമാണ്.

പ്രഭാതത്തിൽ കിടക്ക വിട്ട് എഴുന്നേൽക്കുന്നത് ദൈവത്തോടുകൂടെയാവണം. പകൽനേരത്തെ ജീവിതം ദൈവത്തോട് കൂടെയുള്ള നടപ്പാവണം. രാത്രിയിലെ ഉറക്കം ദൈവത്തിന്റെ കരങ്ങളിൽ അവിടുത്തെ ഹൃദയത്തോട് ചേർന്നാവണം. അതാണ് ഇടവിടാതെയുള്ള പ്രാർത്ഥന. അതാണ് അർത്ഥവത്തായ ആരാധനാജീവിതം. അതിനു ദൈവംതമ്പുരാൻ നമ്മെ സഹായിക്കട്ടെ!




## സമ്മാനത്തിന്റെ ഭാരം



ഇംഗ്ലണ്ടിൽ പണ്ട് എഡ്വേർഡ് എന്നൊരു രാജാവുണ്ടായിരുന്നു. അദ്ദേഹത്തിന്റെ സൈന്യാധിപനായിരുന്നു റോബർട്ട്. ധീരനും വീരനുമായ റോബർട്ട് അനേകം പടകൾ നയിച്ചിട്ടുണ്ട്. അതിലെല്ലാം വിജയിച്ചിട്ടുമുണ്ട്.

ഓരോ തവണ യുദ്ധം വിജയിച്ചിട്ടു വരുമ്പോഴും രാജാവ് റോബർട്ടിന് ഒരു സ്വർണ്ണ മെഡൽ സമ്മാനിക്കും. റോബർട്ട് അത് അഭിമാനത്തോടെ തന്റെ പടച്ചട്ടയിൽ കോർത്ത് വയ്ക്കും. അങ്ങനെ സ്വർണ്ണ മെഡലുകൾകൊണ്ട് പടച്ചട്ട നിറഞ്ഞു.

ഒരിക്കൽ റോബർട്ട് അയൽ രാജ്യവുമായുള്ള യുദ്ധത്തിന് പടനയിക്കുകയായിരുന്നു. പൊരിഞ്ഞ യുദ്ധം നടക്കുന്നതിനിടെ ശത്രുപക്ഷത്തെ ഒരു ഭടന്റെ വാൾകൊണ്ട് റോബർട്ടിന്റെ കൈയിൽ മുറിവുപറ്റി. ക്ഷീണിതനായി റോബർട്ട് മാറിയിരുന്ന് വിശ്രമിക്കുമ്പോൾ ആലോചിച്ചു. 'ഇത്രയും നാൾ ശത്രുപക്ഷത്തെ ഒരാളുടെ കൈയിൽ നിന്നും തനിക്ക് പ്രഹരം ഏൽക്കേണ്ടിവന്നിട്ടില്ല. പക്ഷേ, ഇതിപ്പോൾ എന്തു പറ്റി?



അപ്പോഴാണ് റോബർട്ട് തന്റെ പടച്ചട്ടയിലെ തനിക്കുകിട്ടിയ മെഡലുകൾ ശ്രദ്ധിച്ചത്. അതിന്റെ ഭാരം നിമിത്തം തനിക്ക് അനായാസം യുദ്ധക്കളത്തിൽ പോരാടാനാവുന്നില്ല. ഉടൻതന്നെ റോബർട്ട് തന്റെ ദേഹത്തെ പടച്ചട്ട ഊരിക്കളഞ്ഞ് യുദ്ധക്കളത്തിലേക്കിറങ്ങി. വൈകാതെ അദ്ദേഹം യുദ്ധം ജയിക്കുകയും ചെയ്തു.

അതോടെ റോബർട്ടിന് ഒരുകാര്യം മനസ്സിലായി. വിജയങ്ങളും പുരസ്കാരങ്ങളും നമുക്ക് ആത്മവിശ്വാസം തരും എന്നത് സത്യംതന്നെ. പക്ഷേ, അവ നമുക്ക് ഒരു ബാധ്യതയായി മാറാതിരിക്കാൻ ശ്രദ്ധിക്കണം. അങ്ങനെയായാൽ ജീവിതത്തിൽ പിന്നീടങ്ങോട്ട് വിജയിക്കാൻ പ്രയാസമായിരിക്കും.

## യൂണിറ്റ് കൺവേർഷൻ




സെന്റീമീറ്റർ, ഇഞ്ച്, കിലോഗ്രാം പോലുള്ള അളവുകളെല്ലാം അറിയപ്പെടുന്നത് 'യൂണിറ്റുകൾ' എന്നാണ്. ഒരു യൂണിറ്റിൽ നിന്ന് മറ്റൊരു യൂണിറ്റിലേക്ക് മാറ്റുന്നതാണ് യൂണിറ്റ് കൺവേർഷൻ. കൺവേർഷൻ പലപ്പോഴും ആവശ്യമായി വരും. ഉദാഹരണത്തിന്, ഒരു മൈൽ എന്ന് അമേരിക്കക്കാർ പറയുമ്പോൾ ഒന്നര കിലോമീറ്റർ എന്നു കേൾക്കുന്നതാവും നമുക്കെളുപ്പം. യൂണിറ്റ് കൺവേർഷൻ സോഫ്റ്റ്‌വെയറുകൾ പലതും ഇന്റർനെറ്റിൽ സൗജന്യമായി ലഭ്യമാണ്. unitconversion.org പോലുള്ള വെബ്സൈറ്റുകളുമുണ്ട്. എന്നാൽ ഇത് ഏറ്റവും എളുപ്പത്തിൽ ചെയ്യാൻ സൗകര്യമൊരുക്കുന്നത് ഗൂഗ്ൾ തന്നെ. ഗൂഗ്ളിൽ unit conversionഎന്ന് സേർച്ച് ചെയ്താൽ താഴെ ഒരു യൂണിറ്റ് കൺവേർട്ടർ വരും. ആദ്യത്തെ കോളത്തിൽ വിഭാഗം (ടെമ്പറേച്ചർ, ലെങ്ത്, മാസ്(ഭാരം) തെരഞ്ഞെടുക്കുക. തുടർന്നുള്ള കോളങ്ങളിൽ ഏത് യൂണിറ്റിൽ നിന്ന് ഏതിലേക്ക് എന്നും കൺവേർട്ട് ചെയ്യേണ്ടത് ഏത് സംഖ്യ എന്നും കൊടുക്കാം.

ഇതല്ലാതെ ഗൂഗ്ളിൽ നേരിട്ട് സേർച്ച് ചെയ്യുകയുമാവാം. ഉദാഹരണത്തിന്, 5 feet in inches എന്ന് സേർച്ച് ചെയ്താൽ 60 ഇഞ്ച് എന്ന ഉത്തരം ലഭിക്കും.

## ക്യാപ്ച




ഇന്റർനെറ്റിലെ പല ഫോമുകളും പൂരിപ്പിക്കുമ്പോൾ വികൃതമായ കുറേ അക്ഷരങ്ങളെഴുതിയ കളങ്ങൾ കാണാറില്ലേ? അതിലെ അക്ഷരങ്ങൾ അതേപടി ടൈപ്പുചെയ്താൻ കമ്പ്യൂട്ടർ നമ്മോടാവശ്യപ്പെടും. വായിക്കാൻ ബുദ്ധിമുട്ടുള്ള ആ അക്ഷരങ്ങൾ ശരിക്ക് ടൈപ്പ് ചെയ്താലേ മുന്നോട്ടു പോകാനാവൂ. എന്തിനാണ് ഇങ്ങനെയൊരു രീതി?

ക്യാപ്ച (CAPTCHA) എന്നാണ് ഈ സംവിധാനത്തിന്റെ പേര്. അതിന്റെ ഉപയോഗം മനസ്സിലാക്കാൻ പേരിന്റെ പൂർണ്ണരൂപം നോക്കിയാൽ മതി 'കംപ്ലീറ്റ്ലി ഓട്ടോമേറ്റഡ് പബ്ലിക് ട്യൂറിങ് ടെസ്റ്റ് റ്റു ടെൽ കമ്പ്യൂട്ടേഴ്സ് ആൻഡ് ഹ്യൂമൻസ് അപ്പാർട്.' പേര് കേട്ട് പേടിക്കേണ്ട, മനുഷ്യനെയും കമ്പ്യൂട്ടറിനെയും വേർതിരിച്ചറിയാനുള്ള പരീക്ഷണം എന്നേ അർത്ഥമുള്ളൂ.

ഇതിന്റെ ഉപയോഗങ്ങൾ പലതാണ്. ഹാക്കർമാരെ, പ്രത്യേകിച്ച് വൈറസ് പ്രോഗ്രാമുകളെ തടയലാണ് പ്രധാനം. മനുഷ്യർക്കുമാത്രമേ ഈ അക്ഷരങ്ങൾ വായിക്കാനാവൂ. അങ്ങനെ ഹാക്കർമാർ ഫോമുകൾ പൂരിപ്പിച്ച് ശല്യമുണ്ടാക്കുന്നത് തടയാം.

## ഉപ്പുതിന്നാൽ വെള്ളം കുടിക്കും



നമ്മുടെ നാട്ടിൽ പണ്ടുമുതലേ പ്രചരിച്ച ഒരു ചൊല്ലാണിത്. കഠിനമായ വെയിലത്ത് പണിയെടുത്തിരുന്നവർ കഞ്ഞിയിലും കറിയിലും കടുകുമാങ്ങയിലുമൊക്കെ ഉപ്പിട്ട് രുചിയോടെ കഴിച്ചു. വിയർപ്പിലൂടെ പുറത്തുപോകുന്ന ലവണങ്ങളുടെ കുറവ് അങ്ങനെ നികത്തപ്പെട്ടതിനാൽ അവർ ആരോഗ്യത്തോടെ ജീവിച്ചു.

വെറുതെയിരുന്ന് ഉപ്പു തിന്നുന്നവനാണ് വെള്ളം കുടിക്കേണ്ടി വരിക. ഉപ്പ് ഏറ്റവുമധികം ഉള്ളിലാക്കുന്നത് ബേക്കറി പലഹാരങ്ങൾ ഇഷ്ടപ്പെടുന്നവരാണ്. പ്രത്യേകിച്ചും കുഞ്ഞുങ്ങൾ. ബേബി ഫുഡുകൾ, ബിസ്കറ്റ്, ചോക്ലേറ്റ്, ലഘുപാനീയങ്ങൾ, ഐസ്ക്രീം തുടങ്ങി നല്ല മധുരമുള്ള വസ്തുക്കളിലും നല്ലൊരുപങ്ക് ഉപ്പ് അടങ്ങിയിട്ടുണ്ട്. കേടുവരാതിരിക്കാനും രുചികൂട്ടാനുമൊക്കെയാണിതു ചേർക്കുന്നത്. ഇത്തരം ഭക്ഷ്യവസ്തുക്കൾ അധികമായി കഴിക്കുന്നവരുടെ ഉള്ളിൽ ധാരാളം ഉപ്പും എത്തുന്നുണ്ട്. ഈ അധികം ഉപ്പിനെ പുറത്തുകളയാനായി വൃക്കകൾ കഠിനാധ്വാനം ചെയ്യേണ്ടിവരുന്നു. ഫലമോ! വൃക്ക തളരുന്നു. കൗമാരക്കാരിൽ വൃക്കരോഗം പെരുകാൻ കാരണം കുട്ടിക്കാലത്തുള്ള അമിതമായ ബേക്കറിപ്പലഹാര തീറ്റയാണെന്ന് വൈദ്യശാസ്ത്രം മുന്നറിയിപ്പ് തരുന്നു. ഉപ്പു തിന്നുന്നവൻ വെള്ളം കുടിക്കുമെന്ന ചൊല്ല് എത്ര അർത്ഥവത്താണെന്ന് ഇപ്പോൾ മനസ്സിലായില്ലേ. ശരീരമനങ്ങാതെ ഉപ്പുതിന്നുന്നവർ പല പല രോഗങ്ങളോടും പടവെട്ടി വെള്ളം കുടിക്കേണ്ടി വരും എന്നാണീ ചൊല്ലിന്റെ സൂചന.

അധിക രക്തസമ്മർദമെന്ന രോഗം കുട്ടികളിൽപ്പോലും പെരുകുന്നതിന്റെ രഹസ്യവും മറ്റൊന്നല്ല. വൃക്കയുടെ പ്രവർത്തനമാന്ദ്യം ത്വക്കിന്റെ ജോലി ഇരട്ടിയാക്കുന്നു.

കൂടുതലായി അകത്തെത്തുന്ന സോഡിയം കുഞ്ഞുങ്ങളുടെ സിരകളെ ക്ഷീണിപ്പിക്കുന്നു. ത്വക്കും വൃക്കയും തളരുന്നതോടെ ശരീരത്തിൽ നിന്നു പുറംതള്ളേണ്ട പലതരം വസ്തുക്കളും ശരീരത്തിൽ കെട്ടിക്കിടക്കും. ഇത് ഗുരുതരമായ പല രോഗങ്ങളുമുണ്ടാക്കും.

## ചങ്ങലയ്ക്കിട്ട പുസ്തകങ്ങൾ!



ഈ പുസ്തകങ്ങളെ ചങ്ങലയ്ക്കിട്ടത് അവയ്ക്ക് ഭ്രാന്തുപിടിച്ചിട്ടൊന്നുമല്ല! ആരും അവ എടുത്തുകൊണ്ടു പോകരുത് എന്നു കരുതിത്തന്നെ! പുസ്തകങ്ങളും പ്രസിദ്ധീകരണങ്ങളും ഇന്നത്തെയത്ര സുലഭമല്ലാതിരുന്ന കാലത്തെ ഒരു കാഴ്ചയാണിത്.

അന്നൊക്കെ ഇംഗ്ലണ്ടിലെ പല ലൈബ്രറികളിലും അപൂർവമായ റഫറൻസ് ഗ്രന്ഥങ്ങൾ പലതും ഇങ്ങനെ ചങ്ങലയ്ക്കിട്ട് സൂക്ഷിച്ചിരുന്നു. ചങ്ങലയ്ക്കിട്ട പുസ്തകങ്ങളുള്ള ലൈബ്രറികൾ ചെയിൻഡ് ലൈബ്രറികൾ (Chained Libraries) എന്നാണ് അറിയപ്പെട്ടിരുന്നത്.

ഇംഗ്ലണ്ടിലെ ഹെർഫോർഡിൽ 1611-ൽ സ്ഥാപിതമായ കത്തീഡ്രൽ ലൈബ്രറി ഇന്നും പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഒരു ചെയിൻഡ് ലൈബ്രറിയാണ്. ചങ്ങലയ്ക്കിട്ട പഴക്കമേറിയ തടിച്ച ബൈബിൾഗ്രന്ഥങ്ങൾ ഇപ്പോഴും ഇവിടെ കാണാം. ചങ്ങലയ്ക്കിട്ട പുസ്തകങ്ങൾ അലമാരയുടെ തന്നെ തട്ടിൽ നിവർത്തിവച്ച് ആളുകൾക്ക് വായിക്കാം.

# ദൈവശാസ്ത്രത്തിന്റെ കാതൽ

ഒരിടത്ത് ഭക്തനായ ഒരു ബ്രാഹ്മണൻ ജീവിച്ചിരുന്നു. എപ്പോഴും പ്രാർത്ഥനയിലും ധ്യാനത്തിലും കഴിഞ്ഞിരുന്ന ബ്രാഹ്മണന്റെ ഉള്ള് നല്ലത് അല്ലായിരുന്നു. അഹങ്കാരം, കോപം, അസൂയ... ഒരു ദിവസം ബ്രാഹ്മണൻ ഗംഗാ നദിയിൽ കുളിച്ചാൽ പുണ്യം കിട്ടുമെന്ന് അറിഞ്ഞ് കുളിക്കാൻ പോയി. ബ്രാഹ്മണൻ നദിയിൽ കുളിച്ച് ദേഹശുദ്ധി വരുത്തി. ബ്രാഹ്മണൻ തന്റെ സേവകനോട് പറഞ്ഞു. ഞാനാണ് ഭൂമിയിലെ ഏറ്റവും നല്ല മനുഷ്യൻ. സേവകൻ തന്റെ കയ്യിലിരുന്ന പാവയ്ക്ക കാണിച്ചുകൊണ്ട് പറഞ്ഞു. തിരുമേനി ഇനി ഗംഗാ നദിയിൽ കുളിച്ച് പുണ്യം നേടാൻ പോകുമ്പോൾ ഈ പാവയ്ക്കയും നദിയിൽ മുക്കിയെടുത്തുകൊണ്ട് വരണം. ബ്രാഹ്മണൻ പുണ്യനദിയിൽ കുളിക്കാൻ പോയപ്പോൾ പാവയ്ക്കയും നദിയിൽ മുക്കിയെടുത്തു കൊണ്ടുവന്ന് സേവകനെ ഏല്പിച്ചു. തിരുമേനി ഈ പാവയ്ക്ക പുണ്യനദിയിൽ കുളിച്ചതാണ്. ഈ പാവയ്ക്ക ഒന്നു തിന്നു നോക്കൂ, ഇതിന്റെ കയ്പ് മാറിയോ എന്നറിയാൻ; ബ്രാഹ്മണൻ പാവയ്ക്ക തിന്നു നോക്കി. അതിന് കയ്പ് ഉണ്ടായിരുന്നു. ഉള്ള് നന്നായില്ലെങ്കിൽ എത്ര പുണ്യ നദിയിൽ കുളിച്ചാലും മനുഷ്യർക്ക് മാറ്റം ഉണ്ടാകുകയില്ല. ഹൃദയത്തിന്റെ നിറവിൽ നിന്നാണല്ലോ അധരം സംസാരിക്കുന്നത്. നല്ല മനുഷ്യൻ തന്റെ ഹൃദയത്തിലെ നല്ല നിക്ഷേപത്തിൽ നിന്നും നന്മ പുറപ്പെടുവിക്കുന്നു. ഓരോ വൃക്ഷവും ഫലംകൊണ്ടു തിരിച്ചറിയപ്പെടുന്നു. കാക്കയും കുയിലും കാഴ്ചയിൽ ഒരുപോലെയാണ്. എന്നാൽ അവ ശബ്ദിച്ചാൽ കാക്കയേയും കുയിലിനേയും തിരിച്ചറിയാൻ കഴിയുന്നു. നമ്മുടെ സംസാരവും പ്രവൃത്തിയും ജീവിതവും നാം ആരാണെന്ന് വ്യക്തമാക്കുന്നു. നല്ല ഹൃദയത്തിന്റെ ഉടമകൾക്ക് മാത്രമെ നല്ലത് പറയാനും ചെയ്യാനും കഴിയൂ. മുഖം ഹൃദയത്തിന്റെ കണ്ണാടിയാണ്. ഹൃദയത്തിന്റെ സൗന്ദര്യമാണ് ഒരു വ്യക്തിയുടെ ഏറ്റവും വലിയ സൗന്ദര്യം. ബാഹ്യമായിട്ട് ഒരുവൻ എത്ര സുന്ദരനും സുന്ദരിയും ആയിരുന്നാലും ഹൃദയം നിറംകെട്ടതാണെങ്കിൽ ബാഹ്യസൗന്ദര്യം കൊണ്ട് എന്ത് മേന്മയാണുള്ളത്.

ഉപവാസവും പ്രാർത്ഥനയും ദാനധർമ്മങ്ങളും നല്ലതുതന്നെ. എന്നാൽ നമുക്ക് ബുദ്ധിമുട്ടുള്ള ചില കാര്യങ്ങളാണ് നാം ചെയ്യേണ്ടത്. നമ്മിലുള്ള തഴക്ക ദോഷങ്ങളോട്, മറ്റുള്ളവരുടെ സൽപേരിന് കളങ്കം വരുത്തുന്ന സംസാരരീതിയോട് ഇങ്ങനെ നമ്മുടെ ജീവിതത്തിൽ നല്ലത് അല്ലാത്തതിനോട് വിടപറഞ്ഞ് നല്ലത് ചെയ്യാൻ ശ്രമിക്കുമ്പോഴാണ് അനുതാപത്തിനും പ്രാർത്ഥനയ്ക്കും അർത്ഥം കണ്ടെത്താൻ സാധിക്കുന്നത്. ദൈവം നമുക്ക് ചില പ്രത്യേക പരീക്ഷകൾ തരുന്നത് നമ്മിലേക്ക് തന്നെയുള്ള ഒരു തിരിഞ്ഞ് നോട്ടത്തിനാണ്. വാഹനങ്ങൾ സർവ്വീസിന് കൊടുക്കുന്നതുപോലെ. ഈ അഴിച്ചുപണി മനുഷ്യജീവിതത്തിന് അത്യന്താപേക്ഷിതമാണ്. പാപം ചെയ്തു ദൈവത്തിന്റെ സന്നിധിയിൽ നിന്ന് അകന്ന് പോകുമ്പോൾ ധൂർത്ത പുത്രനെപ്പോലെ തിരിച്ച് വരാനുള്ള മനോഭാവം നമുക്ക് ഉണ്ടായിരിക്കണം. മനസാക്ഷി മരവിച്ചവരെപ്പോലെ ആകാതെ പത്രോസിന്റെ മനോഭാവമാണ് നാം സ്വീകരിക്കേണ്ടത്. സക്കായി തെറ്റ് ചെയ്തു. യേശുവിനെ കാണാൻ സാധിക്കാത്തവിധത്തിൽ പൊക്കം കുറഞ്ഞവനായിരുന്നു. എന്നാൽ അവൻ ഒരു ദിനം ആഗ്രഹിച്ചു യേശുവിനെ കാണാൻ. ആഗ്രഹം പ്രവൃത്തിയിൽ കൊണ്ടുവന്നു. യേശുവിനെ കണ്ടു. കണ്ടു കഴിഞ്ഞപ്പോൾ വിശ്വസിച്ചു. വിശ്വസിച്ചു കഴിഞ്ഞപ്പോൾ സ്നേഹിച്ചു. സ്നേഹിച്ചു കഴിഞ്ഞപ്പോൾ ജീവിക്കാൻ ആഗ്രഹിച്ചു. അപ്പോൾ ചെയ്ത തെറ്റിന് പരിഹാരം ചെയ്യാൻ തീരുമാനിച്ചു. ഈ സമയം യേശു പറഞ്ഞു



നിനക്കും കുടുംബത്തിനും രക്ഷ കൈവന്നിരിക്കുന്നു. ദൈവം ക്ഷമിക്കുന്നവനാണ് എന്ന യാഥാർത്ഥ്യം ക്രിസ്തു തന്റെ കുരിശിലൂടെ ലോകത്തിനു വെളിപ്പെടുത്തി. ഇതാണ് പുതിയ നിയമത്തിലെ ദൈവശാസ്ത്രത്തിന്റെ കാതൽ. അപരാധങ്ങൾ ക്ഷമിക്കുന്ന ദൈവം പാപത്തിൽ നിന്നു നമ്മെ രക്ഷിക്കുന്നു. ഈ വിശ്വാസത്തോടുകൂടിയുള്ള പശ്ചാത്താപമാണ് നമ്മെ വിമോചനത്തിലേക്ക് നയിക്കുന്നത്. അപ്പോസ്തലനായ പൗലോസിന്റെ ജീവിതദർശനം നമുക്ക് ഒരു യാഥാർത്ഥ്യം വെളിപ്പെടുത്തിത്തരുന്നു. താൻ പൂർണ്ണനാണെന്ന് അദ്ദേഹം ഒരിക്കലും അവകാശപ്പെട്ടിട്ടില്ല. പല തെറ്റുകളും അറിഞ്ഞോ അറിയാതെയോ തന്റെ ജീവിതത്തിലുണ്ടായിട്ടുണ്ടെന്നും അദ്ദേഹത്തിനറിയാമായിരുന്നു. എങ്കിലും മുന്നിലുള്ളതു നേടുന്നതിനുവേണ്ടി പിമ്പിലുള്ളതു മറന്നു മുമ്പിലുള്ളതിനെ ഉന്നം വെച്ചുകൊണ്ട് ആയാസപ്പെട്ടു മുന്നേറി ലക്ഷ്യസ്ഥാനത്തേക്ക് ഓടുന്നു എന്നത്രേ അദ്ദേഹം പറയുന്നത്. ഇതായിരിക്കണം നമ്മുടെയും ജീവിതദർശനം.

## 2014 ഒക്ടോബർ ലക്കം വേദാഭിമാനിയിൽ പ്രസിദ്ധീകരിച്ച കലാനാഥന്റെ യുക്തിവാദത്തിനുള്ള മറുപടി





# ദൈവത്തിന്റെ സർവ്വശക്തി

പ്രൊഫ.ടി.ജോൺ മാത്യു

ദ്രവ്യനിർമ്മിതമല്ലാത്ത മനുഷ്യാത്മാവിന് ദ്രവ്യനിർമ്മിതമായ അവന്റെ മസ്തിഷ്ക്ക സിഗ്നലുകളെ നിയന്ത്രിക്കാനും അതുവഴി ചിന്തിക്കാനും തീരുമാനങ്ങളെടുക്കാനും ശരീരത്തെ നിയന്ത്രിക്കാനും സാധിക്കുമെന്ന് നാം കണ്ടുകഴിഞ്ഞു. മനുഷ്യന്റെ ആത്മാവ് ദ്രവ്യനിർമ്മിതമായ അവന്റെ മസ്തിഷ്ക്കത്തിലെ ദ്രവ്യനിർമ്മിതമായ മസ്തിഷ്ക്ക സിഗ്നലുകളെ നിയന്ത്രിക്കുന്നതുപോലെ സകല പ്രപഞ്ചത്തെയും തന്നിൽ ഉൾക്കൊള്ളുന്ന ദൈവാത്മാവ് പ്രപഞ്ചത്തിലുള്ള സകലത്തെയും നിയന്ത്രിക്കുന്നു. അതിനാൽ സർവ്വശക്തി എന്നത് ദൈവത്തിന് തികച്ചും സ്വാഭാവികമായി ഉള്ള കഴിവാണ്; ഈ ആശയത്തിന് യാതൊരു യുക്തിഹീനതയുമില്ല. "ശരീരമില്ലാതെ എങ്ങനെ ബലം (ശക്തി) പ്രയോഗിക്കും"? എന്ന ചോദ്യത്തിന്റെ മറുപടി, ശരീരനിർമ്മിതമല്ലാത്ത മനുഷ്യാത്മാവ് ശരീരനിർമ്മിതമായ തലച്ചോറിന്റെ പ്രവർത്തനങ്ങളെയും ശരീരത്തെ മുഴുവനെയും നിയന്ത്രിക്കുന്നു എന്ന് തെളിയിച്ചതിലൂടെ വ്യക്തമാക്കപ്പെട്ടുകഴിഞ്ഞതാണ്.

### ദൈവത്തിന്റെ സർവ്വവ്യാപകത്വം

വ്യാപനം എന്നത് ഒരിടത്തുനിന്ന് മറ്റൊരിടത്തേക്ക് പടരുന്ന അവസ്ഥയാണെന്ന് പറഞ്ഞുകൊണ്ട് ദ്രവ്യത്തിന്റെ ഗുണമില്ലാത്ത ദൈവം എങ്ങനെയാണ് സർവ്വ വ്യാപിയായിരിക്കുന്നത് എന്ന ചോദ്യം യുക്തിവാദികൾ ചോദിച്ചിട്ടുണ്ട്. സ്ഥലകാലങ്ങൾക്കും പ്രപഞ്ചത്തിനും അതീതനായ പരമാത്മാവാണ് ദൈവം എന്ന ആശയമാണ് 'ദൈവം' എന്ന പദത്തിനുള്ളത്. ഈ ആശയം അംഗീകരിക്കുമ്പോൾ, ദൈവത്തിന്റെ സാന്നിദ്ധ്യം എല്ലാ ഇടങ്ങളിലും ഉണ്ട് എന്നു നാം മനസ്സിലാക്കുന്നു. ദൈവം സർവ്വ വ്യാപിയാണ് എന്നു പറയുന്നതിന്റെ അർത്ഥം ഇതാണ്; ഒരു സ്ഥലത്തു നിന്ന് വ്യാപിച്ച് എല്ലായിടത്തേക്കും പരക്കുക എന്ന ആശയമല്ല ദൈവം സർവ്വ വ്യാപിയാണ് എന്നു പറയുന്നതിൽ ഉള്ളത്.

2014 ഒക്ടോബറിൽ പ്രസിദ്ധീകരിക്കപ്പെട്ട "യുക്തിവാദം" എന്ന ലേഖനത്തിൽ ഉന്നയിച്ചു കണ്ട ചോദ്യങ്ങൾക്ക് എല്ലാം ഇതിനകം മറുപടി നല്കിക്കഴിഞ്ഞു; ഇനിയും "യുക്തിവാദികൾ" ഉത്തരം നൽകേണ്ട ചില ചോദ്യങ്ങൾ നമ്മുടെ മുമ്പാകെയുണ്ട്; അവ എന്തെല്ലാമെന്ന് ഇനി ചൂണ്ടിക്കാണിക്കാം.

### ഉത്തരം കിട്ടേണ്ട ചോദ്യങ്ങൾ

1. a. യുക്തിവാദം എന്ന പദത്തിന് 'യുക്തിപൂർവ്വമായ വാദം' എന്നു മാത്രമല്ലേ അർത്ഥം കല്പിക്കേണ്ടത്?
   b. അല്ലെങ്കിൽ മറ്റേതെല്ലാം അർത്ഥങ്ങൾ കല്പിക്കണം? അതിനുള്ള ന്യായങ്ങൾ എന്തൊക്കെയാണ്?
2. a. യഥാർത്ഥത്തിൽ ഉള്ള വസ്തുക്കൾ എന്നും യഥാർത്ഥത്തിൽ ഇല്ലാത്ത വസ്തുക്കൾ എന്നും രണ്ടുതരം വസ്തുക്കൾ ഉണ്ടോ?
   b. സ്പെയ്സ് യഥാർത്ഥത്തിൽ ഇല്ലാത്ത ഒന്നാണോ?
   c. കാലം (Time) യഥാർത്ഥത്തിൽ ഇല്ലാത്ത ഒന്നാണോ?
   d. സ്പെയ്സും കാലവും വാസ്തവത്തിൽ ഉള്ള കാര്യങ്ങളാണെങ്കിൽ ദ്രവ്യത്തിൽ നിന്ന് ഇതരമായ യഥാർത്ഥ്യങ്ങൾ പ്രപഞ്ചത്തിൽ ഉണ്ടെന്ന് വ്യക്തമല്ലേ?
   e. സ്പെയ്സും കാലവും പര്യായപദങ്ങളാണെന്നും അവ തമ്മിൽ യാതൊരു വ്യത്യാസവുമില്ലെന്നും പറയാൻ പറ്റുമോ?
   f. സ്പെയ്സും കാലവും തമ്മിൽ വ്യത്യാസമുണ്ടെങ്കിൽ അതിന്റെ അർത്ഥം അവ വ്യത്യസ്തമായ രണ്ട് ദ്രവ്യേതര യാഥാർത്ഥ്യങ്ങളാണ് എന്നല്ലേ?
   g. സ്പെയ്സും കാലവും രണ്ട് ദ്രവ്യേതര യാഥാർത്ഥ്യങ്ങളാണെങ്കിൽ വേറെയും ദ്രവ്യേതര യാഥാർത്ഥ്യങ്ങൾ ഉണ്ടാവുക സാധ്യമല്ലേ?
3. a. മനുഷ്യവ്യക്തിത്വത്തിലുള്ള 'ഞാൻ' എന്ന ഘടകം ദ്രവ്യനിർമ്മിതമാണോ?
   b. 'ഞാൻ' എന്ന ഘടകം ദ്രവ്യനിർമ്മിതമാണെങ്കിൽ ജീവനുള്ള ശരീരത്തിൽ നിന്ന് അത് മരണസമയത്ത് വിട്ടുപോകുന്നതിനാൽ മരണം സംഭവിക്കുമ്പോൾ ശരീരത്തിന്റെ ഭാരം കുറയേണ്ടതല്ലേ? മരണത്തിന്റെ ഫലമായി ഒരാളിന്റെ ശരീരഭാരം കുറയുന്നുവെന്ന് പറയാൻ കഴിയുമോ?



   c. കുറയുന്നില്ലെങ്കിൽ അതിന്റെ അർത്ഥം ജീവനുള്ള ശരീരത്തിലെ 'ഞാൻ' എന്ന ഘടകം ദ്രവ്യനിർമ്മിതമല്ലാത്ത ഒന്നാണ് എന്നല്ലേ?
   d. ഓരോ മനുഷ്യനിലും യഥാർത്ഥത്തിൽ ഉള്ളതും ദ്രവ്യനിർമ്മിതമല്ലാത്തതുമായ 'ഞാൻ' എന്ന ഘടകത്തെക്കുറിച്ച് പറയുന്നതിന് 'ആത്മാവ്' എന്ന പദം ഉപയോഗിക്കുന്നതിൽ തെറ്റ് ഉണ്ടെങ്കിൽ അതെന്താണ്?
4. മനുഷ്യൻ: കോപം, സ്നേഹം, ദയ, നന്ദി, ദുഃഖം മുതലായ വികാരങ്ങൾ പ്രകടിപ്പിക്കുന്നു. ദ്രവ്യത്തിന് യാതൊരു വികാരവും ഉണ്ടാവുകയില്ല; വികാരം പ്രകടമാക്കുന്നതിനു കഴിവും ഇല്ല; ദ്രവ്യത്തിൽ നിന്നു വ്യത്യസ്തമായ ഒന്ന് (ആത്മാവ്) മനുഷ്യവ്യക്തിത്വത്തിലുള്ളതു കൊണ്ടല്ലേ മനുഷ്യന് വികാരങ്ങൾ ഉണ്ടാകുന്നതും അവൻ അവ പ്രകടമാക്കുന്നതും? തുടരും

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598



# നിങ്ങൾ പറഞ്ഞതും ഞങ്ങൾക്ക് പറയാനുള്ളതും

അടിസ്ഥാനമില്ലാത്ത പ്രസംഗങ്ങൾ, തെറ്റായ വിശദീകരണ-വ്യാഖ്യാനങ്ങൾക്കെതിരെ ഞങ്ങൾ പ്രതികരിക്കുന്നു. പേരെടുത്തുപറഞ്ഞ് ആരെയും വിമർശിക്കുന്നില്ല. പകരം പണ്ഡിതർ എന്നഭിമാനിക്കുന്നവർ പറഞ്ഞ തെറ്റായ കാര്യങ്ങൾ ചൂണ്ടിക്കാട്ടി വാസ്തവം എന്താണെന്നുമാത്രം വേദാഭിമാനി വ്യക്തമാക്കുന്നു.

## രാഷ്ട്രീയാധികാരവും നമ്മുടെ നിലപാടും

ഒരു പ്രമുഖ മാധ്യമം ക്രിസ്ത്യാനികളുടെ പ്രാർത്ഥനയുടെ ഫലമായി ദൈവമാണ് മോദിയെ അധികാരത്തിൽ ഏറ്റിയതെന്ന് വളരെ പ്രാധാന്യത്തോടെ എഴുതുകയുണ്ടായി. ഇതിനെതിരെ വേദാഭിമാനി ശക്തമായി പ്രതികരിച്ചിരുന്നു. പ്രസ്തുത മാധ്യമം വേദാഭിമാനിയുടെ പ്രതികരണത്തിന് മറുപടിയായി പറഞ്ഞത് രാഷ്ട്രീയാധികാരത്തേയും അധികാരികളെയും ആദരിക്കുകയും കീഴ്പ്പെടുകയും ബഹുമാനിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യണമെന്നാണ്. ഈ മനോഭാവം ശരിയോ തെറ്റോ?

രാഷ്ട്രീയാധികാരത്തോടുള്ള ക്രിസ്തുവിന്റെ മനോഭാവം നമുക്ക് പരിശോധിക്കാം. സീസറിനു നികുതി കൊടുക്കണോ എന്ന ചോദ്യത്തിനുള്ള പ്രസിദ്ധമായ മറുപടി മർക്കോസ് പന്ത്രണ്ടാം അദ്ധ്യായത്തിലാണ്. ബി.സി.63-ൽ പോംപേയാണ് പലസ്തീനിൽ ഓരോ തലയ്ക്കും നികുതിയേർപ്പെടുത്തിയത്. യേശുവിന്റെ കാലത്ത് ആ നികുതി കൊടുക്കേണ്ടിയിരുന്നതു വെള്ളിനാണയമായിട്ടാണ്. ആ നാണയത്തിന്റെ ഒരു വശത്തുണ്ടായിരുന്നത് തിബേരിയൂസ് സീസറിന്റെ അർദ്ധകായ ചിത്രമായിരുന്നു. മറുവശത്ത് അയാളുടെ അമ്മ ലിവിയ ഒരു കൈയിൽ അധികാര ദണ്ഡും മറുകൈയിൽ ഒലിവു ശാഖയും പിടിച്ചുനിൽക്കുന്ന ചിത്രവും. സീസറിനുള്ളത് സീസറിനും ദൈവത്തിനുള്ളത് ദൈവത്തിനും എന്നതായിരുന്നല്ലോ യേശുവിന്റെ മറുപടി. ദൈവത്തിന്റെ സ്വന്തം എന്ത് എന്നതിനെപ്പറ്റി യഹൂദ പാരമ്പര്യം കൃത്യമായി പറയുന്നുണ്ട്. "നിങ്ങൾ ഭൂമി എന്നേക്കുമായി വിൽക്കരുത്. എന്തെന്നാൽ ഭൂമി എന്റേതാണ്. നിങ്ങൾ പരദേശികളും കുടികിടപ്പുകാരുമാണ്" (ലേവ്യർ 25:23). അപ്പോൾ ദൈവത്തിന് സ്വന്തമായിട്ടുള്ളത് ആ ഭൂമിയും അവിടുത്തെ വയലുകളും ധാന്യവും എണ്ണയും ആ മണ്ണിലെ സ്വർണ്ണവും വെള്ളിയും അവിടെ ജീവിക്കുന്ന മനുഷ്യരും അവരുടെ സ്വാതന്ത്ര്യവും എല്ലാമെല്ലാമാണ്. അപ്പോൾ സീസറിനു സ്വന്തമായിട്ടുള്ളതോ? ആ നാണയത്തിലെ വെള്ളിപോലും അയാളുടേതല്ല. പിന്നെയാകെയുള്ളത് ആ നാണയത്തിൽ അയാൾ തന്നെ കൊത്തിവച്ചിരിക്കുന്ന അയാളുടെയും അമ്മയുടെയും പടങ്ങൾ മാത്രം. (Sanuel Rayan, Jesus : The Relevance of His Person and Message for Our Times, pp.146-154). ഈ സീസറിനു പാദസേവ ചെയ്ത ഹെരോദാവിനെ വിളിക്കാൻ യേശു സൂക്ഷിച്ചുവച്ച പദം 'കുറുക്കാ' എന്നതാണ്. ആത്മീയകാര്യങ്ങളെക്കുറിച്ച് മാത്രം ആകുലപ്പെടുകയും രാഷ്ട്രീയമില്ലെന്ന് അഭിനയിക്കുകയും അധികാരത്തിന്റെ ഇടനാഴികളിൽ സ്വച്ഛന്ദം വിഹരിക്കുകയും ചെയ്യുന്നവർക്ക് ക്രിസ്തുവിന്റെ മുൻപറഞ്ഞ രീതിയിലുള്ള കൃത്യമായ രാഷ്ട്രീയത്തെക്കുറിച്ച് എന്താണാവോ വ്യാഖ്യാനം ചമയ്ക്കാനുള്ളത്?

നസ്രത്തിൽ വച്ച് തന്റെ പ്രകടന പത്രിക മുന്നോട്ട് വയ്ക്കുന്ന യേശു പറയുന്നത് ബന്ധിതർക്ക് മോചനം പ്രഖ്യാപിക്കാൻ താൻ വന്നിരിക്കുന്നു എന്നാണല്ലോ (ലൂക്കോ.4:18). മോചനം എന്ന വാക്കിന്റെ ഗ്രീക്കു മൂലം 'അഫേസിസ്' എന്നാണ് (ലൂക്കോ.24:47). ക്രിസ്തുവിന്റെ ദൗത്യത്തിലും ശിഷ്യന്മാരുടെ ദൗത്യത്തിലും ഒരേ വാക്കു കാണുന്നതിനർത്ഥം ദൗത്യം ഒന്നുതന്നെയാണെന്നാണല്ലോ. എങ്കിൽ യേശുവിന്റെയും ശിഷ്യന്മാരുടെയും രാഷ്ട്രീയ നിലപാടുകളിലും അന്തരമുണ്ടാകാൻ പാടില്ല. അതുണ്ടായിരുന്നില്ല എന്നതിന്റെ തെളിവ് പ്രവർത്തികളുടെ പുസ്തകത്തിലുണ്ട്. തെസലോനിക്കായിലെ ആദിമ ക്രിസ്ത്യാനികളെക്കുറിച്ച് കോടതിയിൽ ഉന്നയിക്കപ്പെട്ട ആരോപണം ഇതാണ്: "ലോകത്തെ തലകീഴ് മറിച്ച ഈ മനുഷ്യർ ഇതാ, ഇവിടെയും വന്നിരിക്കുന്നു... യേശുവെന്ന മറ്റൊരു രാജാവിന്റെ പേരുപറഞ്ഞുകൊണ്ട് ഇവരെല്ലാവരും സീസറിന്റെ കൽപനകൾക്കെതിരായി പ്രവർത്തിക്കുന്നു..." (അ.പ്ര. 17:6-7).

ഒരു വിശ്വാസി ജീവിക്കേണ്ടത് അന്ധമായ അനുസരണത്തിലോ സ്വന്തം യുക്തിയുടെ ബലത്തിലോ അല്ല. അത് ബൈബിൾ അടിസ്ഥാനമാക്കി ആയിരിക്കണം. അവന്റെ എല്ലാ പ്രവർത്തനവും സുവിശേഷ കേന്ദ്രമാകേണ്ടതാണ്. അപ്പോൾ തീരുമാനങ്ങളിൽ വ്യക്തതയും കൃത്യതയും ഉണ്ടാവുകയും എവിടെയാണ് അനുസരിക്കേണ്ടത് എവിടെയാണ് എതിർക്കേണ്ടത് എന്ന് ഉറപ്പു ലഭിക്കുകയും ചെയ്യും.

## തീയിടുന്ന ദൈവം

യേശു രക്ഷിക്കാനല്ല ശിക്ഷിക്കുവാനും തീയിടുവാനുമാണ് വന്നതെന്ന് ഒരു മതപണ്ഡിതൻ ചാനൽ അഭിമുഖത്തിൽ പറയുകയുണ്ടായി. യേശു എന്തിനാണ് ഭൂമിയിൽ അവതരിച്ചതെന്ന് വേദപുസ്തകം വ്യക്തമാക്കുന്നുണ്ട്. യേശു രക്ഷകനാണെന്ന വസ്തുത ആവർത്തിക്കുവാനല്ല, ദൈവികാഗ്നി എന്താണെന്ന് വ്യക്തമാക്കുവാനാണ് ഞാൻ ശ്രമിക്കുന്നത്.

ദൈവം ഒരഗ്നിയാണ്. എല്ലാറ്റിനേയും ആളിക്കത്തിക്കുന്ന ദിവ്യാഗ്നി. പഴയനിയമത്തിൽ ദൈവം യാഗങ്ങൾ സ്വീകരിച്ചത് ആകാശത്തുനിന്ന് അഗ്നി ഇറക്കിയാണല്ലോ. മോശയുടെ മുൻപിൽ ദൈവം പ്രത്യക്ഷപ്പെടുന്നതുപോലും അഗ്നിയുടെ രൂപത്തിലാണ്. അതെ ആളിക്കത്തുന്ന മുൾപടർപ്പിന്റെ രൂപത്തിൽ. ശ്രദ്ധിച്ചാൽ മനസ്സിലാകും അത് കത്തുന്നു. എന്നാൽ ഒന്നിനേയും അത് നശിപ്പിക്കുന്നില്ല. ഇത് ദൈവത്തിന്റെ സ്വഭാവമാണ്. എല്ലാറ്റിനേയും ജ്വലിപ്പിക്കുന്നു. എന്നാൽ ഒന്നിനേയും നശിപ്പിക്കുന്നില്ല.

ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു എന്ന് യേശു പറഞ്ഞത് യഥാർത്ഥത്തിൽ ഞാൻ ലോകത്തിന്റെ അഗ്നിയാകുന്നു എന്ന് സൂചിപ്പിക്കാനാണ്. അതുകൊണ്ടാണ് യേശുപറഞ്ഞത് 'ഞാൻ ലോകത്തിൽ തീയിടുവാനാണ്' വന്നിരിക്കുന്നത് (ലൂക്കോ.12:49) എന്ന്. വെളിച്ചമായവൻ മലമുകളിൽ നിന്ന് സ്വയം പ്രകാശിച്ചപ്പോൾ കൂടെയുള്ളവരേയും പ്രകാശിപ്പിച്ചു. ഇത് യേശുവിന്റെ സ്വഭാവമാണ്; സ്വയം പ്രകാശിക്കുക, കൂടെയുള്ളവരെയും പ്രകാശിപ്പിക്കുക.

പരിശുദ്ധാത്മാവ് ഈ ലോകത്ത് ഇറങ്ങിവന്നത് അഗ്നിനാളത്തിന്റെ രൂപത്തിലാണ്. ആ പരിശുദ്ധ അഗ്നി അപ്പോസ്തലന്മാരിൽ ആഴ്ന്നിറങ്ങിയപ്പോഴാകട്ടെ, ഭയമകന്ന്, ശക്തിലഭിച്ചു. ലോകത്തിലേക്കിറങ്ങി, സദ്വാർത്ത എങ്ങും പ്രചരിപ്പിച്ചു. ഇത് പരിശുദ്ധാത്മാവിന്റെ സ്വഭാവമാണ്; എല്ലാറ്റിനേയും ശക്തിപ്പെടുത്തുന്നു; സജീവമാക്കുന്നു.

## വസുദേവനല്ല, വസുധൈവ

ഒരു പ്രസംഗകൻ 'നാമെല്ലാം വസുദേവകുടുംബത്തിലെ അംഗങ്ങൾ' എന്നു പറഞ്ഞിരിക്കുന്നു. വസുധൈവകുടുംബകം ആണ് ശരി. വസുധ എന്നാൽ ഭൂമി, വസുദേവനാകട്ടെ ഇതിഹാസമായ മഹാഭാരതത്തിലെ ഒരു കഥാപാത്രമാണ്.

"ലോകാ സമസ്താ സുഖിനോ ഭവന്തു" എന്ന ആർഷഭാരതമന്ത്രം ആരും ആലപിക്കുന്നില്ല എന്ന് മറ്റൊരു ഭാഗത്ത് പറയുന്നു. അങ്ങനെയൊരു മന്ത്രമില്ല. അപ്രകാരമൊരു പരാമർശം വേദങ്ങളിലോ ഉപനിഷത്തുകളിലോ ഇല്ല. അത് ബ്രാഹ്മണ മേൽക്കോയ്മയിലുണ്ടായ ഒരു ശ്ലോകം മാത്രമാണ്. ആ ശ്ലോകത്തിന്റെ പൂർണരൂപം ശ്രദ്ധിച്ചാൽ അതിന്റെ ഉദ്ദേശമെന്തെന്ന് വ്യക്തമാകും.

സ്വസ്തി പ്രജാദ്യം പരിപാലയന്തം  
ന്യായേനമാർഗേണ മഹിം മഹീശാ  
ഗോബ്രാ എണേഭ്യ ശുഭസ്തുനിത്യം  
ലോകാ സമസ്താ സുഖിനോ ഭവന്തു.

## നീതിയും ന്യായവും

സാമൂഹിക നീതിയും ദൈവിക നീതിയും ഒന്നല്ലെന്നും ദൈവം ഉദ്ദേശിക്കുന്ന നീതിയും ന്യായവും ഭൂമിയിൽ പ്രായോഗികമല്ലെന്നും അത് സ്വർഗ്ഗത്തിലെ പ്രാവർത്തികമാകുകയുള്ളുവെന്നും ഒരു ദൈവശാസ്ത്രജ്ഞൻ ഞങ്ങൾക്കയച്ചുതന്ന തന്റെ ഗ്രന്ഥത്തിൽ വ്യക്തമാക്കിയിരിക്കുന്നു. ഇതിനുള്ള വേദാഭിമാനിയുടെ മറുപടി ശ്രദ്ധിക്കുക.

സാമൂഹ്യ നീതിയെ സംബന്ധിച്ച് ഏറ്റം പ്രധാനപ്പെട്ട രണ്ടു വാക്കുകളാണ് നീതിയും ന്യായവും. സ്ദാഖാ (Sedaga) എന്നതാണ് ആദ്യത്തെ വാക്കിന്റെ ഹീബ്രു മൂലം; മിഷ്പാത്ത് (mishpath) എന്ന് രണ്ടാമത്തേതിന്റെയും. ഇവ രണ്ടും കൂടിച്ചേരുമ്പോൾ കർത്താവിന്റെ വഴിയായി; അഥവാ മനുഷ്യജീവിതത്തെ സംബന്ധിച്ച് വെളിപ്പെടുത്തപ്പെട്ട കർത്താവിന്റെ തിരുഹിതമായി.

നീതി - നീതിമാൻ (Sedaga-Saddig) എന്ന നാമവും വിശേഷണവും കർത്താവിനു പ്രീതികരമായ ഒരു ജീവിതത്തെ സൂചിപ്പിക്കുന്നു. ആർക്കാണ് കർത്താവിന്റെ കൂടാരത്തിൽ വസിക്കാൻ സാധിക്കുക എന്ന ഭക്തന്റെ ചോദ്യത്തിന് ദൈവിക അരുളപ്പാടായി നൽകപ്പെടുന്ന മറുപടിയിൽ (സങ്കീ.15) ഈ പദത്തിന്റെ വ്യക്തമായ ഒരു നിർവ്വചനവും വിശദീകരണവും കാണാം. "നീതി മാത്രം പ്രവർത്തിക്കുക" എന്നാൽ "നിഷ്കളങ്കനായി ജീവിക്കുക" എന്നാണർത്ഥം (സങ്കീ.15:2). അതിന്റെ വിശദീകരണം തുടർന്നുവരുന്ന വാക്യങ്ങളിൽ നൽകിയിരിക്കുന്നു. സത്യമേ പറയാവൂ, പരദൂഷണമരുത്, സ്നേഹിതനെ ദ്രോഹിക്കരുത്, അപവാദമരുത്, ദുഷ്ടരോട് കൂട്ടുകൂടരുത്. ദൈവഭക്തരെ മാനിക്കണം. പ്രതിജ്ഞ നിറവേറ്റണം. കടത്തിനു പലിശ ഈടാക്കരുത്. കൈക്കൂലി വാങ്ങരുത്. ഇങ്ങനെ ജീവിക്കുന്നവനാണ് നീതിമാൻ. അവന്റെ ജീവിതം സുസ്ഥിരമായിരിക്കും. ചുരുക്കത്തിൽ, ദൈവപ്രമാണങ്ങൾ അനുസരിച്ച്, ദൈവത്തിനു പ്രീതികരമായ ജീവിതം നയിക്കുന്നതാണ് നീതി. അങ്ങനെ ജീവിക്കുന്നവൻ നീതിമാൻ. ഇവിടെ മനുഷ്യർ പരസ്പരമുള്ള ബന്ധത്തിനാണ് ഊന്നൽ നൽകിയിരിക്കുന്നത്. നീതി മുഖ്യമായും സാമൂഹ്യനീതിയാണ്. നീതി നിലനിൽക്കുന്ന സമൂഹത്തിലാണ് ദൈവം സംപ്രീതനാവുക.

"ന്യായം" എന്നു വിവർത്തനം ചെയ്യുന്നത് മിഷ്പാത്ത് (mishpath) എന്ന ഹീബ്രു വാക്കാണ്. "വിധിക്കുക" അഥവാ "ന്യായം വിധിക്കുക" എന്നർത്ഥമുള്ള ഷാഫാത്ത് (shaphath) എന്ന ക്രിയാധാതുവിൽ നിന്നാണ് മിഷ്പാത്തിന്റെ നിഷ്പത്തി.

കർത്താവിന്റെ വഴിയിലൂടെ നടക്കുക എന്നതിന്റെ വിശദീകരണമാണ് നീതിയും ന്യായവും പ്രവർത്തിക്കുക എന്നത്. കർത്താവിന്റെ വഴി എന്നാൽ ദൈവത്തിന്റെ ഹിതം എന്നുതന്നെയാണർത്ഥം. താൻ തിരഞ്ഞെടുക്കുകയും ഉടമ്പടിയിലൂടെ സ്വന്ത ജനമായി സ്വീകരിക്കുകയും ചെയ്ത അബ്രഹാമും സന്തതികളും എന്തു ചെയ്യണം, എന്തു ചെയ്യരുത്, അവരുടെ ജീവിത നിയമങ്ങൾ എന്തായിരിക്കണം എന്ന് ദൈവം വെളിപ്പെടുത്തിയിട്ടുണ്ട്. ആ തിരുഹിതത്തിന്റെ സംക്ഷിപ്ത രൂപമാണ് പത്തുകല്പനകൾ (പുറ.20:1-17). അവയുടെ വിശദീകരണം തുടർന്നുവരുന്ന നിയമസംഹിതകളിൽ (പുറ.21:23; ലേവ്യർ 17:26; ആവർ.12:26) കാണാം. ഉടമ്പടിയിൽ ഭാഗഭാക്കുകളായവർ ഉടമ്പടിയുടെ നിബന്ധനകൾ പാലിക്കാൻ കടപ്പെട്ടിരിക്കുന്നു; എന്നാൽ ഈ അനുസരണം നിർബ്ബന്ധത്തിനു വഴങ്ങിയല്ല, സ്വതന്ത്രമായ തീരുമാനമായിരിക്കണം. "ഇതാ, ഇന്നു ഞാൻ നിന്റെ മുമ്പിൽ ജീവനും നന്മയും, മരണവും തിന്മയും വച്ചിരിക്കുന്നു..." (ആവർ.30:15-20). ഇഷ്ടമുള്ളതു തിരഞ്ഞെടുക്കാം. എന്നാൽ ജനം നന്മ തിരഞ്ഞെടുത്തു ജീവിക്കണം എന്നതാണ് ദൈവഹിതം. മറിച്ചായാൽ മരണം നിശ്ചയം.

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598

# വ്യസനപുത്രന്മാർ





ടി.എം.വർഗ്ഗീസ് ഓതറ

കഴിഞ്ഞലക്കം തുടർച്ച 2

**ഈഖാബോദ്:** വൃദ്ധനായ ഏലിപുരോഹിതന്റെ രണ്ടുമക്കളായ ഹൊഫ്നിയും ഫീനെഹാസും നീചന്മാരും ദൈവത്തെ ഭയപ്പെടാതെയും ദൈവത്തെ മാനിക്കാതെയും ദൈവദൂഷണം പറയുന്നവരുമായി ജീവിച്ചുപോന്നു. ഏലിയുടെ ഭവനത്തിന്മേൽ വരുവാൻ പോകുന്ന ന്യായവിധിയെപ്പറ്റി ദൈവം ഏലിപുരോഹിതനെ മുന്നമേ അറിയിച്ചു (1 ശമു.2:31,34).

യിസ്രായേലും ഫെലിസ്ത്യരുമായുള്ള യുദ്ധത്തിൽ, യിസ്രായേല്യർ ഫെലിസ്ത്യരോടു തോറ്റുപോയി. അനന്തരം യിസ്രായേൽ മൂപ്പന്മാർ യഹോവയുടെ നിയമപെട്ടകം ശീലോവിൽനിന്നു വരുത്തുക അതു നമ്മുടെ ഇടയിൽ വന്നാൽ അതു നമ്മുടെ ശത്രുക്കളുടെ കയ്യിൽനിന്നും രക്ഷിക്കും എന്നു പറഞ്ഞു. അങ്ങനെ യഹോവയുടെ നിയമപെട്ടകം യിസ്രായേൽ പാളയത്തിൽ എത്തിയപ്പോൾ ഭൂമി കുലുങ്ങത്തക്കവണ്ണം യിസ്രായേൽ സൈന്യം ഉച്ചത്തിൽ ആർപ്പിട്ടു. ഫെലിസ്ത്യർ ആർപ്പിന്റെ ഒച്ച കേട്ടു, യഹോവയുടെ പെട്ടകം പാളയത്തിൽ വന്നിരിക്കുന്നു എന്നു അറിഞ്ഞപ്പോൾ അവർ ഭയപ്പെട്ടിട്ട് നമുക്കു അയ്യോ കഷ്ടം, ഇങ്ങനെ ഒരു കാര്യം ഇതുവരെ ഉണ്ടായിട്ടില്ല, നമുക്ക് അയ്യോ കഷ്ടം, ശക്തിയുള്ള ഈ ദൈവത്തിന്റെ കയ്യിൽ നിന്നു നമ്മെ ആർ രക്ഷിക്കും എന്ന് അവർ തമ്മിൽ തമ്മിൽ പറഞ്ഞു. എന്നാൽ ദൈവം യിസ്രായേല്യരെ ഫെലിസ്ത്യരുടെ മുമ്പിൽ തോൽക്കുമാറാക്കി. ദൈവത്തിന്റെ പെട്ടകം പിടിക്കപ്പെട്ടു. ഏലിയുടെ രണ്ടു പുത്രന്മാരും പടയിൽ പട്ടുപോയി. പോർക്കളത്തിൽ നിന്നു ഒരു ബെന്യാമീന്യൻ വസ്ത്രം കീറിയും തലയിൽ പൂഴി വാരിയിട്ടുംകൊണ്ട് ഓടി പട്ടണത്തിൽ എത്തി വിവരം പറഞ്ഞപ്പോൾ പട്ടണത്തിൽ എല്ലാം നിലവിളി ഉയർന്നു. ആ മനുഷ്യൻ ബദ്ധപ്പെട്ടു വന്നു ഏലിയോടും വിവരം അറിയിച്ചു. യിസ്രായേൽ പടയിൽ തോറ്റതും, ഏലി പുരോഹിതന്റെ രണ്ടു മക്കൾ പട്ടുപോയതും. യഹോവയുടെ പെട്ടകം പിടിപെട്ടുപോയതായ വസ്തുത അറിഞ്ഞപ്പോൾ പടിവാതിൽക്കൽ ഇരുന്നിരുന്ന ഏലി കസേരയിൽനിന്നും പിറകോട്ടുവീണ് കഴുത്തൊടിഞ്ഞ് ഉടൻ മരിച്ചുപോയി.

ഏലിയുടെ മരുമകൾ ഫീനെഹാസിന്റെ ഭാര്യ പ്രസവം അടുത്ത ഗർഭിണിയായിരുന്നു. ദൈവത്തിന്റെ പെട്ടകം പിടിപെട്ടുപോയതും, അമ്മാവി അപ്പ നും ഭർത്താവും മരിച്ചതും കേട്ടപ്പോൾ അവർക്കു പ്രസവവേദന തുടങ്ങി, അവൾ നിലത്തുവീണു പ്രസവിച്ചു. ദൈവത്തിന്റെ പെട്ടകം പിടിപെട്ടുപോകകൊണ്ടും, അമ്മാവിയപ്പനെയും ഭർത്താവിനെയും ഓർത്തിട്ടും മഹത്വം യിസ്രായേലിൽനിന്നു പൊയ്പോയി എന്നുപറഞ്ഞ് അവൾ കുഞ്ഞിനു 'ഈഖാബോദ്' എന്നു പേർ ഇട്ടു (1 ശമു.4:19-22). ബെന്യാമീന്റെ അമ്മയായ റാഹേലും, ഈഖാബോദിന്റെ അമ്മയും വേദനയോടു പ്രസവിക്കയും പ്രസവത്തോടുകൂടി അവർ മരിക്കയും ചെയ്തു.

സകല സ്ത്രീകളും വേദനയോടെയാണ് മക്കളെ പ്രസവിക്കുന്നത്. അത് സകല സ്ത്രീകൾക്കും ദൈവം വെച്ചിരിക്കുന്ന ഒരു വ്യവസ്ഥയാണ്. സ്ത്രീകൾ വേദനയോടെ മക്കളെ പ്രസവിക്കുവാനുള്ള കാരണം, ആദ്യ സ്ത്രീയായ ഹവ്വാ സാത്താന്റെ വാക്കു അനുസരിച്ച് ദൈവകല്പന ലംഘിച്ചതിനാൽ ദൈവം സ്ത്രീക്കു കൊടുത്ത ഒരു ശിക്ഷയാണത്. "ഞാൻ നിനക്കു കഷ്ടവും ഗർഭധാരണവും ഏറ്റവും വർദ്ധിപ്പിക്കും; നീ വേദനയോടെ മക്കളെ പ്രസവിക്കും" (ഉല്പ.3:16).

## ദൈവമക്കൾ വ്യസന പുത്രീപുത്രന്മാർ

കർത്താവായ യേശു ക്രൂശിൽ മരിക്കുവാൻ പോകുന്ന വിവരം തന്റെ ശിഷ്യന്മാരോടു ആവർത്തിച്ചാവർത്തിച്ചു പറഞ്ഞുവെങ്കിലും അവർ അതു ഗ്രഹിച്ചില്ല. യേശുവിന്റെ ക്രൂശീകരണത്തിന്റെ ഏതാനും ചില ദിവസത്തിനു മുൻപ് ശിഷ്യന്മാരോടു പറഞ്ഞത്: കുറഞ്ഞൊന്നു കഴിഞ്ഞിട്ട് നിങ്ങൾ എന്നെ കാണുകയില്ല, പിന്നെയും കുറഞ്ഞൊന്നു കഴിഞ്ഞിട്ട് നിങ്ങൾ എന്നെ കാണും... നിങ്ങൾ കരഞ്ഞു വിലപിക്കും. ലോകമോ സന്തോഷിക്കും, നിങ്ങൾ ദുഃഖിക്കും, എന്നാൽ നിങ്ങളുടെ ദുഃഖം സന്തോഷമായിത്തീരും എന്നു പറഞ്ഞപ്പോൾ അവർ അതു ഗ്രഹിക്കാത്തതിനാൽ യേശു ആ കാര്യം വിശദീകരിച്ചു പറഞ്ഞത്: സ്ത്രീ പ്രസവിക്കുമ്പോൾ തന്റെ നാഴിക വന്നതുകൊണ്ട് അവൾക്കു ദുഃഖം ഉണ്ട്. കുഞ്ഞിനെ പ്രസവിച്ചശേഷമോ... അവൾ തന്റെ കഷ്ടം പിന്നെ ഓർക്കുന്നില്ല എന്നു പറഞ്ഞു (യോഹ. 16:16-21).

തുടരും

## വേദാഭിമാനിയുടെ വലയിൽ വീണ വാർത്തകളും വ്യക്തികളും



















### മേയർ മത്സരത്തിന് കഴുതയും!



വർണ: തെരഞ്ഞെടുപ്പിൽ മത്സരിക്കണമെങ്കിൽ ഒരു യോഗം വേണമെന്ന് പറയാറില്ലേ? ബൾഗേറിയയിലെ വർണ ടൗണിൽ മേയർ തെരഞ്ഞെടുപ്പിൽ മത്സരിക്കാനൊരുങ്ങുന്നത് ഒരു കഴുതയാണ് എന്ന് കേൾക്കുമ്പോൾ സ്ഥാനാർത്ഥിയാവുക എന്നത് ഒരു യോഗം തന്നെയാണെന്ന് നാം സംശയലേശമന്യേ സമ്മതിച്ചുപോകും.

'ദ സൊസൈറ്റി ഫോർ ന്യൂ ബൾഗേറിയ' എന്ന സംഘടനയാണ് മാർക്കോ എന്ന കഴുതയെ മേയർ സ്ഥാനാർത്ഥിയായി അവതരിപ്പിക്കുന്നത്. ഒക്ടോബർ 23 ന് ആണ് തെരഞ്ഞെടുപ്പ്.

മറ്റ് സ്ഥാനാർത്ഥികളെ അപേക്ഷിച്ച് സ്വഭാവഗുണത്തിന്റെ കാര്യത്തിൽ മാർക്കോ വളരെ മുന്നിലാണത്രേ! ജയിച്ചാൽ മോഷണം നടത്തില്ല എന്നും കളളം പറയില്ല എന്നുമാണ് സൊസൈറ്റി ഫോർ ന്യൂ ബൾഗേറിയയുടെ പ്രചാരണം.



# വേദാഭിമാനിയുടെ മറുപടി

**ബൈബിൾ പരിശോധിച്ചാൽ വിശുദ്ധമായൊരു പ്രതീകമാണ് ഗോപുരം. പിന്നെ എന്താണ് ബാബേൽ ഗോപുരത്തിന് കുഴപ്പം? നഗരവും ഗോപുരവും നിർമ്മിക്കുന്നത് പാപമാകുന്നതെങ്ങനെ? മനുഷ്യനെ ഭയപ്പെടുന്ന ദൈവത്തിന്റെ അസൂയയെക്കുറിച്ച് എന്താണ് പറയാനുള്ളത്.**

**കെ.ജി.ആർ. മേനോൻ, മാവിള, ഇരുമ്പ, അരുവിക്കര.**

*"അവർ പരസ്പരം പറഞ്ഞു. നമുക്ക് ഒരു പട്ടണവും ആകാശം മുട്ടുന്ന ഒരു ഗോപുരവും പണിത് പ്രശസ്തി നിലനിർത്താം... കർത്താവ് അവരെ ഭൂമുഖത്തെല്ലാം ചിതറിച്ചു"* (ഉൽപ.11:1–9).

ചരിത്രാതീത ചരിത്രത്തിലെ അവസാനത്തെ സംഭവമായി ബൈബിൾ വരച്ചുകാട്ടുന്ന ബാബേൽ ഗോപുരത്തിന്റെ ചിത്രത്തിൽ സാമൂഹ്യ നീതിയെ സംബന്ധിച്ച ശ്രദ്ധേയമായ ചില പാഠങ്ങൾ ഒളിപ്പിച്ചുവച്ചിട്ടുണ്ട്. നാഗരികതയുടെ ആരംഭത്തിലെന്നോ സംഭവിച്ച ഒന്നായിട്ടാണ് ഗോപുരനിർമ്മാണത്തിനുള്ള വിഫലശ്രമം വിവരിച്ചിരിക്കുന്നത്. ബാബിലോണിലെ മർദുക് ദേവന്റെ ക്ഷേത്രത്തിന്റെ ഭാഗമായിരുന്ന സിഗുറാത്ത് എന്നറിയപ്പെടുന്ന ഗോപുരങ്ങളായിരിക്കണം യാഹ്‌വിസ്റ്റ് ഗ്രന്ഥകാരൻ രചനയുടെ പശ്ചാത്തലമായി സ്വീകരിച്ചത് എന്നു വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നു.

ക്ഷേത്രഗോപുരത്തിന്റെ മുകൾത്തട്ടുവരെ നടകളുണ്ട്. ഏറ്റം മുകളിലത്തെ നിലയാണ് ആരാധനയ്ക്കുള്ള സ്ഥലം. കാഴ്ചവസ്തുക്കളുമായി പുരോഹിതൻ നട കയറി മുകൾത്തട്ടിലെ ആരാധനമുറിയിൽ എത്തും. അപ്പോൾ മർദുക് ദേവൻ ആകാശത്തിൽ നിന്ന് ഇറങ്ങിവരും; കാഴ്ചകൾ സ്വീകരിക്കും. അനുഗ്രഹങ്ങൾ വർഷിക്കും എന്ന് വിശ്വസിച്ചിരുന്നു. അങ്ങനെ ദൈവ-മനുഷ്യസമാഗമത്തിന്റെ അടയാളവും വേദിയുമായിട്ടാണ് ഗോപുരങ്ങൾ കരുതപ്പെട്ടിരുന്നത്. യാക്കോബ് സ്വപ്നത്തിൽ കണ്ട ആകാശം മുട്ടുന്ന ഗോവണി (ഉല്പ.28:11–13) യുടെ ചിത്രം ഈ പശ്ചാത്തലത്തിൽ മനസ്സിലാക്കാൻ കഴിയും.



ഈ പ്രതീകം ഉപയോഗിച്ചുകൊണ്ട് ദൈവ-മനുഷ്യ സമാഗമ വേദിയായി യേശു സ്വയം ചിത്രീകരിച്ചത് യോഹന്നാൻ രേഖപ്പെടുത്തിയിട്ടുണ്ട് (യോഹ.1:51). ഇപ്രകാരം വിശുദ്ധമായൊരു പ്രതീകമാണ് ഗോപുരം എങ്കിൽ എന്താണ് പിന്നെ ബാബേൽ ഗോപുരത്തിനു കുഴപ്പം? എന്തുകൊണ്ടാണ് നഗരവും ഗോപുരവും നിർമ്മിക്കുന്നത് ദൈവവിരുദ്ധ പ്രവൃത്തിയായിക്കണ്ട് നഗരനിർമ്മാതാക്കളെ ചിതറിക്കുന്നത്? ഇതിനായി വി.ഗ്രന്ഥകാരന്റെ വിവരണം സശ്രദ്ധം അപഗ്രഥിക്കേണ്ടതുണ്ട്.

നഗരവും ഗോപുരവും നിർമ്മിക്കുന്നതിന്റെ ലക്ഷ്യവും ഗോപുരത്തിന്റെ വിവരണവുമാണ് ഏറ്റം ശ്രദ്ധേയം. "നമുക്ക് ഒരു പട്ടണവും ആകാശം മുട്ടുന്ന ഒരു ഗോപുരവും പണിത് പ്രശസ്തി നിലനിർത്താം" (ഉൽപ.11:4) എന്ന വിചിന്തനത്തിൽ നിർമ്മാണ പ്രക്രിയയുടെ ലക്ഷ്യം വ്യക്തമാകുന്നു. നമുക്കുവേണ്ടി ഒരു നഗരം; നമ്മുടെ പ്രശസ്തിക്കുവേണ്ടി ഒരു ഗോപുരം– അതാണ് നിർമ്മാതാക്കളുടെ ലക്ഷ്യം. ഗോപുരത്തിന് ഒരു പ്രത്യേകതയുണ്ട്. അത് ആകാശം മുട്ടുന്നതാകണം. ഈ വിശേഷണത്തിന്റെ പ്രത്യേകത മനസ്സിലാക്കാൻ അന്നു നിലവിലിരുന്ന പ്രപഞ്ചസങ്കല്പം കണക്കിലെടുക്കണം. പലക പോലെ പരന്ന ഭൂമി ജലത്തിനു മുകളിൽ, തൂണുകളിൽ ഉറപ്പിച്ചിരിക്കുന്നു. ഈ ഭൂമിക്കു മുകളിൽ കൂടാരം പോലെ വിരിച്ചു നിർത്തിയിരിക്കുന്ന ആകാശം ചക്രവാള സീമകളിലെ ഭീമാകാരമായ തൂണുകളിൽ, അഥവാ, പർവ്വതങ്ങളിൽ ഉറപ്പിച്ചിരിക്കുന്നു. ഈ ആകാശത്തിനു മുകളിലും ജലമുണ്ട്. ജലമധ്യേ ദൈവം ഉയർത്തിയ കമാനമാണ് ആകാശം. ആകാശത്തിനു മുകളിലെ ജലത്തിനും മുകളിലാണ് ദൈവത്തിന്റെ സിംഹാസനം (സങ്കീ.104:2–3).

ഈ പ്രപഞ്ച സങ്കല്പത്തിന്റെ പശ്ചാത്തലത്തിൽ ആകാശം മുട്ടുന്ന ഗോപുരം എന്നതിന് പ്രത്യേകതയുണ്ട്. ഏറെ ഉയരമുള്ള ഒരു ഗോപുരം എന്നു മാത്രമല്ല അതിനർത്ഥം. മനുഷ്യൻ പണിയാൻ ലക്ഷ്യമിടുന്ന ഗോപുരം ദൈവത്തിന്റെ സിംഹാസനത്തോളം ഉയരണം. അങ്ങനെ ദൈവതുല്യനാകണം. ദൈവിക സിംഹാസനത്തോളം ഉയർന്നു നിൽക്കുമ്പോൾ മനുഷ്യൻ ദൈവത്തിനു സമനാകുന്നു, അഥവാ മറ്റൊരു ദൈവമാകുന്നു. മറ്റു വാക്കുകളിൽ പറഞ്ഞാൽ ദൈവനിഷേധമാണ് ഈ ഗോപുര നിർമ്മാണം ലക്ഷ്യം വയ്ക്കുന്നതും പ്രകടമാക്കുന്നതും. പറുദീസായിലെ ആദ്യപാപത്തിലേക്കു നയിച്ച പ്രലോഭനത്തിന്റെ മറ്റൊരു ചിത്രീകരണമായി ഇതിനെ കരുതാൻ കഴിയും. പഴം തിന്നാൽ കണ്ണു തുറക്കും, ദൈവത്തെപ്പോലെയാകും എന്നതായിരുന്നു ആദ്യപ്രലോഭനം. ദൈവനിഷേധവും സ്വയം ദൈവമാകാനുള്ള ശ്രമവുമാണ് ഈ പ്രതീകത്തിനു പിന്നിലുള്ളത്. അതുതന്നെയാണ് നഗര-ഗോപുര നിർമ്മിതിയിലും പ്രതിഫലിക്കുന്നത്.

"പ്രശസ്തി നിലനിർത്താം" എന്നു വിവർത്തനം ചെയ്യുന്ന ഹീബ്രുവാക്കുകളുടെ വാച്യാർത്ഥം "നമുക്കായി ഒരു പേരുണ്ടാക്കാം" (let us make a name for ourselves) എന്നാണ്. ദൈവതുല്യനാകുക എന്നാൽ ലക്ഷ്യം പേരുണ്ടാക്കുക – കീർത്തി സമ്പാദിക്കുക, ഏറ്റം വലിയവനായി അറിയപ്പെടുക എന്നതത്രെ. ഭൂമിയിലെങ്ങും ചിതറിപ്പോകാതെ ഒറ്റക്കെട്ടായി നിൽക്കണം എന്ന ലക്ഷ്യവും ദൈവിക പദ്ധതിക്കു വിരുദ്ധമാണെന്ന് വി.ഗ്രന്ഥകാരൻ സൂചിപ്പിക്കുന്നു. "സന്താനപുഷ്ടിയുള്ളവരായി പെരുകി ഭൂമിയിൽ നിറഞ്ഞ് അതിനെ കീഴടക്കുവിൻ" (ഉൽപ.1:28) എന്ന ആദ്യകല്പനയ്ക്കു വിരുദ്ധമാവും ഒരു സ്ഥലത്തു മാത്രം കഴിയാനുള്ള തീരുമാനം. എന്നാൽ അതിനേക്കാൾ പ്രാധാന്യമർഹിക്കുന്നതാണ് സ്വന്തമായി പേരുണ്ടാക്കാനുള്ള ശ്രമം. ദൈവനിയമങ്ങൾക്കു വിധേയരായി, ദൈവത്തിന്റെ പ്രതിരൂപങ്ങളും പ്രതിനിധികളുമായി ഭൂമിയിൽ നിറയുന്നതിനു പകരം സ്വയം ദൈവങ്ങളായി പ്രഖ്യാപിക്കാനുള്ള ശ്രമമായി ഗോപുരനിർമ്മാണം ഇവിടെ വ്യാഖ്യാനിക്കപ്പെടുന്നു. എന്നാൽ മനുഷ്യന്റെ ഈ ശ്രമം എത്ര ബാലിശവും അർത്ഥശൂന്യവുമാണെന്നു വ്യക്തമാക്കുന്നതാണ് ദൈവത്തിന്റെ പ്രതികരണം. ശ്രമം വ്യർത്ഥമാണെങ്കിലും അത് ദൂരവ്യാപകവും ഭീകരവുമായ വിപത്തുകൾ വരുത്തിവയ്ക്കും എന്ന് വചനം പറയുന്നു. "അവർ ചെയ്യാനിരിക്കുന്നതിന്റെ തുടക്കമേ ആയിട്ടുള്ളൂ. ചെയ്യാൻ ഒരുമ്പെടുന്നതൊന്നും അവർക്കിനി അസാധ്യമായിരിക്കുകയില്ല" (ഉല്പ.11:6) അതു സംഭവിക്കാതിരിക്കാൻ വേണ്ടി ദൈവം അവരുടെ ഭാഷ ഭിന്നിപ്പിച്ചു, ഭൂമുഖത്തെല്ലാം ചിതറിച്ചു എന്നു കഥാരൂപത്തിൽ പറയുമ്പോൾ ദൈവത്തിന്റെ അസൂയയും ഭയവുമാണ് ഇതിനു കാരണം എന്നു തോന്നാം. എന്നാൽ പറുദീസയിലെന്നപോലെ ഇവിടെയും, ദൈവത്തിന്റെ അസൂയ അല്ല. ദൈവത്തിന്റെ സ്ഥാനത്തു കയറിയിരിക്കാൻ ശ്രമിക്കുന്ന മനുഷ്യൻ തനിക്കുതന്നെ വരുത്തിവയ്ക്കുന്ന ഭീകര ദുരന്തത്തിന്റെ ചിത്രമാണ് വി.ഗ്രന്ഥകാരൻ വരച്ചുകാട്ടുന്നത്.

മനുഷ്യൻ നിർമ്മിച്ച നഗരവും ആകാശം മുട്ടുന്ന ഗോപുരവും അഹങ്കാരത്തിന്റെ പ്രത്യക്ഷ ചിത്രമായിട്ടാണ് വി. ഗ്രന്ഥകാരൻ വിശദീകരിക്കുന്നത്. അഹങ്കാരികളെ ദൈവം ചിതറിക്കുന്നു എന്ന പ്രബോധനം ബൈബിളിൽ പല തവണ പ്രത്യക്ഷപ്പെടുന്നുണ്ട് (ഉദാ. ലൂക്കാ.1:51).

ദൈവത്തെ മറന്ന്, അഥവാ ദൈവത്തെ വെല്ലുവിളിച്ച്, കെട്ടിപ്പൊക്കിയ ഗോപുരത്തിലൂടെ പേരു നിലനിർത്താൻ ശ്രമിച്ചവർ കരുതിയില്ല, ദൈവം ഇറങ്ങിവന്ന് തങ്ങളുടെ ഗോപുരം ഇടിച്ചു നിരത്തുമെന്ന്, തങ്ങളുടെ പേര് ഭോഷത്വത്തിന്റെ പര്യായവും മാതൃകയുമായി നിലനിൽക്കുമെന്ന്. ദൈവനിഷേധം, കല്പനാലംഘനം ഇവ മൂലം ഉണ്ടായേക്കാവുന്ന ദൂരവ്യാപകമായ വിപത്തുകൾ ഒഴിവാക്കാനായി അഹങ്കാരികളായ മനുഷ്യരെ ദൈവത്തിന് ചിതറിക്കേണ്ടിവരുന്നു. നിയമലംഘനം ഒരിക്കലും ഒരിടത്തും അനുവദനീയമല്ല എന്ന കാര്യം നാം മറന്നുപോകരുത്. പേരിനും പ്രശസ്തിക്കും വേണ്ടിയുള്ള മത്സരങ്ങൾക്കും തിരിച്ചടിയുണ്ടാകുമെന്ന് സഭാനേതാക്കളും ഓർത്തിരിക്കേണ്ടതാണ്. ○

This is The Word of God
Visit us:
www.vedabhimani.com

# VEDABHIMANI

Annual Subscription Rs. 150/-
RNI Reg. No. 7361/02 Postal Reg. No. KL/MVK/184/2015-17
Licence No. KL/CR/MVK/WPP-04/2015-17. Licensed to Post Without Prepayment.

Published on 1st September 2015
Posted on 15, 16 September 2015
Posted at R.M.S. Kayamkulam



## നിഴൽ പോലെ

**പാ**പകർമങ്ങൾ ചെയ്യാതെ ജീവിക്കുവാൻ എങ്ങനെ സാധിക്കും എന്നറിയുവാനുള്ള ആഗ്രഹം കൊണ്ട് ഒരാൾ ഏകനാഥനെ സമീപിച്ചു. ഏകനാഥൻ പവിത്ര ജീവിതം നയിച്ചിരുന്ന ആളാണ്. അദ്ദേഹത്തെ നമസ്കരിച്ച ശേഷം, വന്ന ആൾ ചോദിച്ചു: താങ്കളുടെ ജീവിതം ഇത്ര പവിത്രവും സ്വച്ഛവും പാപമില്ലാത്തതുമാകാൻ കാരണമെന്ത്?

കാര്യം മനസ്സിലായ ഏകനാഥൻ അവന് ഒരു അനുഭവപാഠം നൽകുവാൻ തീരുമാനിച്ചു. അദ്ദേഹം പറഞ്ഞു: 'എന്റെ കാര്യം അവിടെ നിൽക്കട്ടെ. ഇപ്പോൾ എനിക്ക് നിന്നെപ്പറ്റി അതിപ്രധാനമായ ഒരു കാര്യം പറയുവാനുണ്ട്.'

'എന്താണ് ഗുരോ ആ കാര്യം?' അയാൾ ഉൽക്കണ്ഠയോടെ തിരക്കി.

ഏകനാഥൻ പറഞ്ഞു: 'ഇന്നേക്ക് ഏഴാം ദിവസം നീ മരിക്കും.'

ഞെട്ടലോടെയാണ് അയാൾ അതു കേട്ടത്. ഗുരുവിനെപ്പോലെ ഒരു മഹാൻ പറഞ്ഞത് അസത്യമാകാൻ വഴിയില്ല.

ഏഴാം നാൾ മരണം. ഇനി അവശേഷിക്കുന്നത് വെറും 168 മണിക്കൂർ. ഇതെന്തൊരു ദുർവിധി എന്നു ചിന്തിച്ച് പെട്ടെന്ന് അയാൾ വീട്ടിലേക്കോടി.

അവിടെയെത്തിയ അയാൾ എന്തു ചെയ്യണമെന്നറിയാതെ വിഷമിച്ചു. ഏഴാം നാളിലെ മരണമാണു ചിന്തയിൽ മുഴുവൻ. ഒന്നും ചെയ്യാൻ കഴിയാതെ അയാൾ കിടക്കയിൽ നീണ്ടു നിവർന്നു കിടന്നു. ആറു ദിവസം അയാൾ ആ കിടപ്പു കിടന്നു.

ഏഴാം ദിവസം ഏകനാഥൻ അവന്റെ വീട്ടിൽ വന്നു.

'കഴിഞ്ഞ ആറു ദിവസം നീ എത്ര പാപം ചെയ്തു?' അദ്ദേഹം അയാളോടു ചോദിച്ചു.

മരണം കാത്തു കിടന്ന അയാൾ പറഞ്ഞു, പ്രഭോ, പാപം ചെയ്യാൻ എനിക്കു നേരമെവിടെ? എന്റെ കണ്ണിനു മുമ്പിൽ മരണം മാത്രമാണുണ്ടായിരുന്നത്.

അപ്പോൾ അദ്ദേഹം അയാളോടു സൗമ്യമായി പറഞ്ഞു, ഇപ്പോൾ എന്റെ ജീവിതം പവിത്രമായിരിക്കുന്നതിന്റെ കാരണം നിനക്കു മനസിലായിക്കാണുമല്ലോ? ഞാൻ എപ്പോഴും മരണത്തെപ്പറ്റി ചിന്തിക്കുന്നു. മരിക്കും എന്ന ചിന്ത എന്നെ ഭരിക്കുന്നു. ആ തിരിച്ചറിവാണ് അതിനു കാരണം.

ജീവിതത്തിന്റെ നിസാരത മനസിലാക്കിയാൽ തെറ്റുകൾ ചെയ്തുകൂട്ടാതെ ജീവിക്കാൻ കഴിയും. മാഞ്ഞുപോകുന്ന ഒരു നിഴൽ മാത്രമാണു ജീവിതം എന്നു ഷേക്സ്പിയറും, ജനന മരണങ്ങൾക്കിടയിലുള്ള സമയം ഒരു കാറ്റുപോലെ പറന്നുപോകും എന്ന് ഒമർഖയാമും പറയുന്നു. ഓരോ ദിവസവും നമ്മുടെ അവസാന ദിനമായി സങ്കല്പിച്ചു കൊള്ളണം എന്നാണ് ജൂലിയറ്റ് പറയുന്നത്.

മോശയുടെ പുരാതനമായ ഒരു പ്രാർഥന ബൈബിളിലെ സങ്കീർത്തനങ്ങളിൽ ഉള്ളത് ഇങ്ങനെയാണ്: ഞങ്ങൾ ജ്ഞാനമുള്ളോരു ഹൃദയം പ്രാപിക്കത്തക്കവണ്ണം ഞങ്ങളുടെ നാളുകളെ എണ്ണുവാൻ ഞങ്ങളെ ഉപദേശിക്കേണമേ. നാളുകൾ എണ്ണുന്നവർക്ക് ആയുസിന്റെ ക്ഷണികത അറിയുവാനും ജ്ഞാനമുള്ളവരായി ജീവിക്കുവാനും കഴിയും.

## അതേ കാരണത്താൽ



**വ**ലിയ ഒരു വർക്ക്ഷോപ്പിലെ സാധാരണ മെക്കാനിക്ക് ആയിരുന്നു ആൻഡ്രു. ഭക്തനായിരുന്ന ആൻഡ്രു തന്റെ പണിസ്ഥലത്ത് ഒരു ബൈബിൾ സൂക്ഷിച്ചിരുന്നു. ഉച്ചഭക്ഷണത്തിനുള്ള ഇടവേളയിൽ അവൻ ഒരു ഒഴിഞ്ഞ മൂലയിൽ പോയിരുന്ന് പ്രാർത്ഥിക്കുകയും ബൈബിൾ വായിക്കുകയും ചെയ്യുമായിരുന്നു. ഇത് ശ്രദ്ധിച്ച അവന്റെ സൂപ്പർവൈസർ അവനോട് ചോദിച്ചു 'ബൈബിൾ എഴുതിയതാരാണെന്നുപോലും ആർക്കും അറിയില്ല. ഈ പഴഞ്ചൻ പുസ്തകത്തിൽ നിന്ന് എന്തു നന്മയാണ് നീ പ്രതീക്ഷിക്കുന്നത്?'

ആൻഡ്രു ഒരു നിമിഷം ആലോചിച്ചു. അതിനുശേഷം ആ എഞ്ചിനീയറുടെ മുഖത്തേക്ക് നോക്കി. 'സർ, താങ്കൾ കണക്കു കൂട്ടാൻ ഗുണനപ്പട്ടിക വളരെയധികം ഉപയോഗിക്കാറില്ലേ?' ഉണ്ടെന്ന് എഞ്ചിനീയർ സമ്മതിച്ചു. 'അത് എഴുതിയത് ആരാണെന്ന് അറിയാമോ?' ആൻഡ്രു ചോദിച്ചു. 'ഇല്ല, പക്ഷെ അത് പ്രവർത്തിക്കുന്നതുകൊണ്ട് ഞാൻ അതിൽ വിശ്വസിക്കുന്നു' എഞ്ചിനീയർ മറുപടി നൽകി. 'ഞാൻ ബൈബിൾ വിശ്വസിക്കുന്നതും അതേ കാരണത്താലാണ്-അത് പ്രവർത്തിക്കുന്നു.' ആൻഡ്രു പറഞ്ഞു.

"എല്ലാ തിരുവെഴുത്തും ദൈവശ്വാസീയമാകയാൽ ഉപദേശത്തിനും ശാസനത്തിനും ഗുണീകരണത്തിനും നീതിയിലെ അഭ്യാസത്തിനും പ്രയോജനമുള്ളത് ആകുന്നു" (2 തിമോ.3:16).



## ഡയെലോഗ്

ടൈറ്റസ് കാർത്തികപ്പള്ളി

☺വിശ്വാസികൾക്ക് മരണഭയം ഇല്ലാത്തത് എന്തുകൊണ്ട്.

*ബിജോയി പാറക്കടവിൽ, മണിപ്പുഴ, മൂലവട്ടം.*

☹**ജീവിയ്ക്കാനുള്ള കൊതികൊണ്ട്.**

☺കൊടും കുറ്റവാളി മഹാനാകുന്നത് എപ്പോൾ.

*ജെ.ജോസഫ്, കൊച്ചാറ, ഇടുക്കി.*

☹**സ്റ്റേജിൽ സാക്ഷ്യം പറയാൻ നിൽക്കുമ്പോൾ.**

☺എന്തു പറഞ്ഞാലും ഞങ്ങൾ ന്യൂ ജനറേഷനെ തോൽപ്പിക്കാനാവില്ല.

*സി.ജയദാസ്,വേഴുംമ്പ്ര, വടശ്ശേരിക്കര*

☹**ശരിയാണ്. തോൽവിയിൽ നിങ്ങളെ ഇനി ആർക്കും തോൽപ്പിക്കാനാവില്ല.**

☺ വിശ്വാസികളുടെ ഇന്നത്തെ അവസ്ഥയെക്കുറിച്ച് പറഞ്ഞാൽ.

*എൽസി കുര്യൻ, വളമംഗലം, തുറവൂർ.*

☹**അക്കരെയാണ് ആഗ്രഹം ഇക്കരെയാണ് മാനസം.**

☺ന്യൂ ജനറേഷൻ ഉപദേഷ്ടാക്കളുടെ ഉപദേശവും വീര്യപ്രവർത്തികളും ഈ കാലഘട്ടത്തിനു വേണ്ടിയുള്ളതാണ് എന്നു പറഞ്ഞാൽ.

*അക്സാ ചെറിയാൻ, മുളവന, കൊല്ലം.*

☹**സാങ്കേതികവിദ്യ വികസിക്കുന്നതിനനുസരിച്ച് സാഹചര്യങ്ങൾ അനുകൂലമാക്കി അനുഗ്രഹ അത്ഭുത തട്ടിപ്പ് കലാരൂപത്തെ ന്യൂജനറേഷൻ കലാകാരന്മാർ മികവുറ്റതാക്കി എന്നതാണ് സത്യം.**

☺പുതുതലമുറ ആത്മീയ ജീവിതത്തിൽ നിന്ന് പ്രതീക്ഷിക്കുന്നത്.

*എലിസബത്ത്, മണ്ണുത്തി, തൃശ്ശൂർ.*

☹**എന്റർറ്റൈൻമെന്റ്**

☺എന്റെ പിതാവിനെപ്പോലെ എനിക്കും വിശുദ്ധനാകാനാണ് ആഗ്രഹം എന്ന് ഒരു നേതാവ് പറയുന്നു. അങ്ങേരുടെ പിതാവ് അത്രയ്ക്ക് വിശുദ്ധനായിരുന്നോ.

*മാത്യു ജോസഫ്, കാരിക്കയം, പടയണിപ്പാറ, ചിറ്റാർ*

☹**അങ്ങേർക്കും അതായിരുന്നു ആഗ്രഹം**

## മിനിക്കഥ: ന്യൂ ജനറേഷൻ

അയാൾക്ക് വല്ലാത്ത വിശപ്പ് തോന്നി. നേരെ കാണുന്ന വീട്ടിലേക്ക് കയറിചെന്നു. വരാന്തയിൽ ഇരുന്ന് ലാപ്ടോപ്പിൽ എന്തോ തെരഞ്ഞുകൊണ്ടിരുന്ന സഭാനേതാവിനോട് ഒട്ടിയ വയർ തടവിക്കൊണ്ട് അയാൾ ചോദിച്ചു, "വല്ലതും തരണേ. ഭക്ഷണം കഴിച്ചിട്ട് രണ്ട് നാളായി."

വിലയേറിയ ദാസൻ അയാളെ അടിമുടിയൊന്ന് നോക്കിയിട്ട് ലാപ്ടോപ്പിലെവിടെയോ സേവ് ചെയ്തു വച്ച പഴകിയ കുറച്ച് ഫിലോസഫി ചുരുട്ടിയെടുത്ത് അയാൾക്ക് നേരെ നീട്ടി.

വാങ്ങാൻ മടിച്ച് തിരിഞ്ഞു നടക്കാനൊരുങ്ങുന്നത് കണ്ട് കൗമാരക്കാരനായ ഫ്രീക്കൻ പയ്യൻ ഐപാടുമായി ഓടി ചെന്ന് ടച്ചിംങ്സിനെന്ന് പറഞ്ഞ് അനുഗ്രഹ അത്ഭുത ക്ലിപ്പിംഗ്സ് വിരൽതുമ്പുകൊണ്ട് കറക്കി തോണ്ടിക്കൊടുത്തു. അപ്പോഴേക്കും അയാളുടെ കുഴിഞ്ഞ കണ്ണുകളിൽ നിന്നും വെളിച്ചം പുറത്തേക്ക് പോയിരുന്നു.




Printed, Published and owned by Titus Mathew, Punnoothara, Karthikappally 690 516. Ph: 9847232598, 9847990939
Printed at St. Paul's Offset Mavelikara. Published at: Punnoothara, Karthikappally, Alappuzha Dist., Kerala. Editor : Titus Mathew